# സാക്ഷരതയും വികസനവും

സി.ജി. ശാന്തകുമാർ

കേരള ശാസ്ത്രസാഹിത്യ പരിഷത്ത്

# സാക്ഷരതയും
# വികസനവും

സി.ജി. ശാന്തകുമാർ

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

സാക്ഷരതയും വികസനവും—സി.ജി. ശാന്തകുമാർ
പ്രസാധനം, വിതരണം: കേരള ശാസ്ത്രസാഹിത്യ പരിഷത്ത്, തൃശൂർ-680002
വില : 2 രൂപ
ഫോട്ടോകമ്പോസിംഗ്: അയോദ്ധ്യപ്രിൻേററഴ്സ്, എളമക്കര, കൊച്ചിൻ-17
Photocomposing at Ayodhya Printers, Elamakkara, Cochin-17
അച്ചടി : സാസ് പ്രോസസ്
Malayalam: Saksharatayum Vikasavum (Literacy and Development)
C.G. Santhakumar
Published and Distributed by Kerala Sastra Sahitya Parishat
Trichur - 680 002

**KSSP 427 IE August 89 5K 2000 LL 13**

പോങ്ങിൻ ചുവട് കോളനിയിൽ തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെന്തൊക്കെയാണെന്ന് ജോയി വിശദീകരിച്ചപ്പോൾ വാർത്താ ലേഖകൻ ചോദിച്ചു:

"നിങ്ങൾ എന്തിനാണ് ഇതൊക്കെച്ചെയ്യുന്നത്. ആളുകളെ അക്ഷരം പഠിപ്പിച്ചാൽപ്പോരെ?"

"ഞങ്ങൾ അവരെ അക്ഷരം പഠിപ്പിക്കുകയല്ല, ജീവിക്കാൻ പഠിപ്പിക്കുകയാണ് ചെയ്യുന്നത്" ജോയി പറഞ്ഞു. അയാളുടെ മറുപടി ലേഖകനു ബോധ്യമായെന്നു തോന്നുന്നു.

പോങ്ങുംചോട് താളുംകണ്ടം ആദിവാസി കോളനിയിലെ സാക്ഷരതാ ഇൻസ്ട്രക്റ്റർമാരിലൊരാളാണ് വേങ്ങൂർ പഞ്ചായത്തുകാരനായ ജോയി. വേങ്ങൂരിലെ മറ്റു നാലഞ്ചു സുഹൃത്തുക്കളും കോഴിക്കോട്ടുകാരൻ പത്മനാഭനുമൊത്ത് അയാൾ വനമധ്യത്തിലുള്ള ആദിവാസി കേന്ദ്രത്തിൽച്ചെന്നു താമസമാക്കിയിരിക്കുകയാണ്.

ഇടമലയാർ ഡാമിൻെറ ഇടതുഭാഗത്ത് വനാന്തരത്തിലൂടെ പത്തുകിലോമീറ്റർ ഉള്ളിലോട്ടു പോകണം പോങ്ങിൻചോട് ആദിവാസി കോളനിയിലെത്താൻ. വന്യമൃഗങ്ങളുള്ള കൊടുങ്കാട്ടിൽക്കൂടി നടന്നുപോകുന്നതാപത്താണ്. കാട്ടിൽക്കൂടി കഷ്ടിച്ച് ജീപ്പ് പോകുന്ന ഒരു വഴിയുണ്ട്. ജീപ്പിൽ കയറി ഒന്നരമണിക്കൂർ ബുദ്ധിമുട്ടി സഞ്ചരിച്ചാൽ കോളനിയിലെത്താം. താളുംകണ്ടം ഗിരിജൻ കോളനി എന്നറിയപ്പെടുന്ന ഈ സ്ഥലത്ത് മലയരയവിഭാഗത്തിൽപ്പെട്ട ഇരുന്നൂറിലധികം ആദിവാസികൾ പുറം ലോകവുമായി പറയത്തക്ക യാതൊരു ബന്ധവുമില്ലാതെ കഴിഞ്ഞുകൂടുന്നു. ഈറ്റവെട്ടലും ഇഞ്ചിപ്പുൽത്തൈലം വാറ്റലുമാണ് അവരുടെ ജോലി. കൂട്ടത്തിൽച്ചിലർ ചാരായവും വാറ്റും പണിയൊന്നുമില്ലാത്തപ്പോൾ വനവിഭവങ്ങൾ ശേഖരിക്കും. പറയത്തക്ക സാമൂഹ്യബോധമോ, നന്നാവണമെന്ന ആഗ്രഹമോ അവർക്കുള്ളതായി തോന്നിയില്ല. ജനിച്ചതുകൊണ്ടിങ്ങനെ ജീവിക്കുന്നു. മറ്റെന്തു ചെയ്യാനാണ്. ഈ കോളനിയിൽ ആസ്പത്രിയില്ല, പള്ളിക്കൂടമില്ല, കച്ചവടപ്പീടികയില്ല, ജനങ്ങൾക്കാവശ്യമുള്ള യാതൊരു സ്ഥാപനവുമില്ല. ആകെയുള്ളത് അമ്പതോളം കുടുംബങ്ങൾ താമസിക്കുന്ന ഒറ്റപ്പെട്ട പുൽക്കുടിലുകൾ മാത്രം. വിരലിലെണ്ണാവുന്ന ഏതാനും കുട്ടികൾക്കൊഴികെ മറ്റാർക്കും യാതൊരു വിദ്യാഭ്യാസവുമില്ല. സർക്കാർ അനുവദിച്ചുകൊടുത്ത ഒന്നാന്തരം കൃഷിഭൂമി കൈവശമുണ്ടായിട്ടുപോലും, അവരിലാരും ആ മണ്ണിൽ കാര്യമായ കൃഷിയൊന്നും ചെയ്യുന്നില്ല. എങ്ങനെയാണ് കൃഷിചെയ്യേണ്ടതെന്നറിഞ്ഞുകൂടാത്തതുകൊണ്ടാവാം, ഇക്കൂട്ടർക്ക് കൃഷിയിൽ താല്പര്യവുമില്ല.

എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൻെറ ഭാഗമായി ഞങ്ങൾ പോങ്ങിൻചോട് ആദിവാസി കോളനിയിലും സാക്ഷരതാ ക്ലാസ്സു

കൾ ആരംഭിച്ചു. ആദിവാസികളെ പഠിപ്പിക്കാൻ വേണ്ടി പത്മനാഭനെപ്പോലെയും ജോയിയെപ്പോലെയുമുള്ള ത്യാഗസമ്പന്നരായ ചെറുപ്പക്കാർ കോളനിയിൽ കുടിൽകെട്ടി താമസമുറപ്പിച്ചിരിക്കയാണ്. ആദ്യമൊക്കെ, 'വരുത്തന്മാരായ' ഈ സാക്ഷരതാ പ്രവർത്തകരെ സംശയത്തോടും ആശങ്കയോടും കൂടിയാണ് ആദിവാസികൾ വീക്ഷിച്ചിരുന്നത്. ഏതാനും ദിവസങ്ങൾക്കകം, ആദിവാസികളുടെ മുഴുവൻ ജീവിതപ്രശ്നങ്ങളിലും ഇടപെടുകയും സഹായിക്കുകയും ചെയ്യുന്ന ഇൻസ്ട്രക്ടർമാർ അവർക്കു പ്രിയപ്പെട്ടവരായി. പ്രായമുള്ളവരും കുട്ടികളുമായി 142 പേർ ഗിരിജൻ കോളനിയിലെ സാക്ഷരതാക്ലാസ്സിൽ പഠിക്കുന്നുണ്ട്. പഠനത്തോടൊപ്പം, പരസ്പരം സഹകരിക്കാനും സഹായിക്കാനും സ്വന്തം ഭൂമിയിൽ തെങ്ങിൻതൈ നടാനും, റോഡു വെട്ടാനും ഇൻസ്ട്രക്റ്റർമാർ ആദിവാസികളെ പഠിപ്പിക്കുന്നു. വാറ്റുചാരായം കുടിക്കാൻ ആദിവാസികൾക്കുള്ള താല്പര്യത്തെ അവരിൽ ചിലരെക്കൊണ്ടുതന്നെ നിരുത്സാഹപ്പെടുത്തുന്നു. രോഗികൾക്ക് ഡോക്ടറുമായി ബന്ധപ്പെടാൻ സൗകര്യമുണ്ടാക്കുന്നു. ആദിവാസികളിൽ സഹകരണ മനോഭാവവും സ്വാശ്രയശീലവും വളർത്താൻ, അവരുടേതായ ഒരു സഹകരണ സംഘം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. ഈ സംഘത്തിന്റെ ഉത്സാഹത്തിൽ, ഓണത്തിന് അവർക്ക് സ്വന്തം കോളനിയിൽത്തന്നെ ന്യായവിലക്ക് നിത്യോപയോഗസാധനങ്ങൾ ലഭിക്കും. ആദിവാസികളെ മനുഷ്യരാക്കാൻവേണ്ടി ഇൻസ്ട്രക്റ്റർമാർ നടത്തുന്ന പലതരം പ്രവർത്തനങ്ങളെക്കുറിച്ചു കേട്ടപ്പോഴാണ് നമ്മുടെ വാർത്താ ലേഖകന് സംശയം തുടങ്ങിയത്. ജോയ് അതിനു പറഞ്ഞ മറുപടി വളരെ പ്രസക്തമായിരുന്നു: "സാക്ഷരതയെന്നാൽ, ആളുകളെ അക്ഷരം പഠിപ്പിക്കൽ മാത്രമല്ല, ജീവിക്കാൻ പഠിപ്പിക്കലാണ്. പോങ്ങിൻചോട്ടിലെ ആദിവാസികളുടെ കാര്യത്തിൽ മാത്രമല്ല, എറണാകുളം ജില്ലയിലും കേരളത്തിലും, ഇന്ത്യയിലെവിടെയുമുള്ള നിരക്ഷരരുടെ കാര്യത്തിൽ ജോയിയുടെ മറുപടി തികച്ചും പ്രസക്തമാണ്: നിരക്ഷരരെ, കേവലം എഴുത്തും വായനയും പഠിപ്പിച്ചതുകൊണ്ടായില്ല, അവരെ ജീവിക്കാൻ പഠിപ്പിക്കണം. അതാവണം നാം നടത്തുന്ന സാക്ഷരതാ പ്രവർത്തനത്തിന്റെ പൊരുൾ. ജീവിക്കണമെങ്കിൽ, അതതു കാലത്തു നടക്കുന്ന കുറേയേറെക്കാര്യങ്ങൾ അറിയണം, അറിഞ്ഞുകൊണ്ടു പ്രവർത്തിക്കണം. ഇതിനുള്ള ഉപാധിയാണ്, അക്ഷരജ്ഞാനം. സാക്ഷരതയെന്ന ഉപാധിയോടൊപ്പം, ജീവിതത്തെ സംബന്ധിക്കുന്ന ഒട്ടനേകം കാര്യങ്ങൾ അലംബഹീനരായ സാധു മനുഷ്യർക്ക് പറഞ്ഞുകൊടുക്കേണ്ടിയിരിക്കുന്നു.

മനുഷ്യനെ മൃഗത്തിൽനിന്നും വേർതിരിക്കുന്ന മുഖ്യസവിശേഷതകളിലൊന്ന് അക്ഷരോച്ചാരണത്തോടുകൂടിയ ഭാഷ സംസാരിക്കാനുള്ള കഴിവാണ്. ലോകത്തിലെ എല്ലാ ആളുകൾക്കും തങ്ങളുടേതായ ഭാഷയുണ്ട്.

ഭാഷ മനുഷ്യനെ ചിന്തിക്കാനും സാമൂഹ്യജീവിയായി ജീവിതം നയിക്കാനും സഹായിക്കുന്നു. അനേകായിരം ഭാഷകളുണ്ടെങ്കിലും, പ്രാകൃതവിഭാഗക്കാർ സംസാരിക്കുന്ന പല ഭാഷകൾക്കും ലിപിയില്ല. അതുകൊണ്ടുതന്നെ, തങ്ങളുടെ ആശയങ്ങൾ മറ്റുള്ളവരെ ധരിപ്പിക്കുന്നതിന്നപ്പുറം, അതു കുറിച്ചുവെച്ച് അനന്തരതലമുറയ്ക്ക് കൃത്യമായി നൽകാൻ ഇത്തരം ഭാഷ സംസാരിക്കുന്നവർക്ക് പ്രയാസമാണ്. അക്ഷരോച്ചാരണത്തോടുകൂടിയ ഭാഷ മനുഷ്യനെ മൃഗത്തിൽ നിന്നും വേർതിരിക്കുന്നതുപോലെ, ലിഖിത ഭാഷ പരിഷ്കൃത മനുഷ്യനെ പ്രാകൃതമനുഷ്യരിൽ നിന്നും വ്യതിരിക്തനാക്കുന്നു. എഴുതാനും വായിക്കാനുമറിയാത്തവരുടെ സ്ഥിതി, പല കാര്യത്തിലും പ്രാകൃതമനുഷ്യരുടേതിൽനിന്നും ഏറെ വിഭിന്നമല്ല. ഒരു ശരാശരി മനുഷ്യൻെറ, കാര്യത്തിൽപ്പോലും ജീവിക്കാനാവശ്യമായ അറിവിൽ നല്ലൊരുഭാഗം ലഭ്യമാകുന്നത് അക്ഷരത്തിൽക്കൂടിയാകുന്നു. അക്ഷരജ്ഞാനമില്ലാത്തവൻെറ മുന്നിൽ, അറിവിൻേറതായ ഈ ലോകം കൊട്ടിയടയ്ക്കപ്പെടുന്നു.

## സാക്ഷരതയെന്നാൽ:

സ്വന്തം പേരെഴുതി ഒപ്പിടാൻ കഴിയുന്ന ആളെ കാനേഷുമാരി കണക്കെടുപ്പുകാർ സാക്ഷരരുടെ ഗണത്തിൽപ്പെടുത്തുന്നു. എന്നാൽ, നാം സാക്ഷരത എന്നതുകൊണ്ടുദ്ദേശിക്കുന്നത് കേവലം എഴുത്തും വായനയും പഠിക്കലല്ല! അക്ഷരജ്ഞാനത്തിനപ്പുറം, അതിൽക്കൂടിയും അതിനോടൊപ്പവും സമാർജിക്കാൻ കഴിയുന്ന ജീവിത ജ്ഞാനം കൂടിയായാലേ ഒരാളെ സാക്ഷരനായിക്കണക്കാക്കാനാവൂ. ഈ അറിവ്, അക്ഷരജ്ഞാനം നേടുന്ന വ്യക്തിയുടെ ജീവിതത്തിനു സഹായകമാവണം. കേവലസാക്ഷരതയല്ല, പ്രവൃത്ത്യുന്മുഖ സാക്ഷരതയാണ് ഇന്നത്തെ ആവശ്യം.

സാക്ഷരതാ പരിപാടിയുടെ ലക്ഷ്യങ്ങളായി ദേശീയസാക്ഷരതാ മിഷൻ ചൂണ്ടിക്കാണിക്കുന്ന വസ്തുതകൾ നാലാണ്:

1. എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമുള്ള കഴിവ്
2. അക്ഷരഹീനരെ സ്വന്തം പിന്നോക്കാവസ്ഥയുടെ കാരണം കണ്ടുപിടിക്കാനും സംഘടിതപ്രവർത്തനങ്ങളിൽക്കൂടി ഈ സ്ഥിതിവിശേഷത്തിനു പരിഹാരം കാണാനും വികസന പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കാനും പ്രാപ്തരാക്കുക.
3. സാമ്പത്തിക സ്ഥിതിയും സാമൂഹ്യസ്ഥിതിയും മെച്ചപ്പെടുത്താൻവേണ്ട നൈപുണ്യങ്ങളാർജിക്കുക.

4. ദേശീയോദ്ഗ്രഥനം, പരിസ്ഥിതി സംരക്ഷണം, സ്ത്രീസമത്വം, ചെറിയ കുടുംബമെന്ന ആശയം തുടങ്ങിയ മൂല്യങ്ങൾ ഉൾക്കൊള്ളാൻ ആളുകളെ സന്നദ്ധരാക്കുക.

സാക്ഷരത്വം നേടി ചുറ്റുപാടുകളെ തിരിച്ചറിയാനും വ്യാഖ്യാനിക്കാനും വേണ്ട വകതിരിവാർജിച്ചവർക്കു മാത്രമേ തങ്ങളുടെ ഭാഗധേയവും തങ്ങളുൾക്കൊള്ളുന്ന സമൂഹത്തിൻെറ ഭാഗധേയവും നിർണയിക്കാനുള്ള സമരത്തിൽ പങ്കാളികളാവാൻ കഴിയൂ.

കോടിക്കണക്കിനു വരുന്ന നിരക്ഷരരും അജ്ഞരുമായ ജനങ്ങളെവെച്ചുകൊണ്ട് ഒരു വികസിത രാഷ്ട്രം കെട്ടിപ്പടുക്കാൻ പ്രയാസമാണെന്ന്, നാലു പതിറ്റാണ്ടുകാലത്തെ അനുഭവം നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സ്വന്തം ജീവിത പ്രശ്നങ്ങളുടെ ആമത്തോടിനകത്ത് ഒതുങ്ങിക്കഴിയുന്ന നിരക്ഷരരും അജ്ഞരുമായ സാധുജനങ്ങൾക്ക് നാടിൻെറ വികസനത്തിലും സമൂഹത്തെ മാറ്റിത്തീർക്കാനാവശ്യമായ പ്രവർത്തനങ്ങളിലും എന്തു പങ്കാണ് വഹിക്കാൻ കഴിയുക? സ്വന്തം വാക്കുകളില്ലാത്ത, അക്ഷരശൂന്യരായ, ജനസമൂഹം ഒരുതരം നിശ്ശബ്ദിത സംസ്കാരത്തിനുടമകളാണെന്ന് പൗലോഫ്രെയർ അഭിപ്രായപ്പെടുന്നു. നിശ്ശബ്ദിതരാക്കപ്പെട്ട ഇക്കൂട്ടർക്ക് തങ്ങളുടെ സമൂഹത്തെ മാറ്റിത്തീർക്കുന്ന പ്രവർത്തനങ്ങളിൽ, സൃഷ്ട്യുന്മുഖമായി പങ്കുചേരാൻ കഴിയുന്നില്ല. മാറ്റിനിർത്തപ്പെടുന്നതുവഴി അവരുടെ വ്യക്തിത്വംപോലും നിഷേധിക്കപ്പെടുന്നു. പ്രകൃത്യാ അപകർഷരായ ഇവർക്ക്, തങ്ങളുടെ പ്രവൃത്തികൾ യാഥാർത്ഥ്യത്തെ മാറ്റിത്തീർക്കാൻ പോന്നതാണെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ല.

സമൂഹത്തിൻെറ ശരാശരി സാംസ്കാരിക നിലവാരത്തിലെത്താനോ, ജനാധിപത്യമൂല്യങ്ങൾ ശരിയായി ഉൾക്കൊള്ളാനോ നിരക്ഷരരായ ജനസമൂഹത്തിനു കഴിയുന്നില്ല. ആചാരങ്ങളാലും അന്ധവിശ്വാസങ്ങളാലും മേധാവി വിഭാഗത്തിൻെറ ആജ്ഞകളാലും നയിക്കപ്പെടുന്ന അവർ, എന്നും സ്വന്തം അഭിപ്രായങ്ങളില്ലാത്ത ആൾക്കൂട്ടം മാത്രമായിക്കഴിയാൻ വിധിക്കപ്പെട്ടവരാണ്. തങ്ങൾക്കു നഷ്ടപ്പെട്ടതെന്താണെന്നു മനസ്സിലാക്കി, ഈ വിധി തിരുത്തിക്കുറിക്കുവാൻ അവർ പ്രാപ്തരല്ല. പൗലോഫ്രെയർ ചൂണ്ടിക്കാണിക്കുന്നതുപോലെ.....തങ്ങൾക്ക്, തങ്ങളുടേതായ ശബ്ദം പോലും നിഷേധിക്കപ്പെട്ടിരിക്കുന്നുവെന്ന് അവർ അറിയുന്നില്ല. സ്വന്തം സമൂഹത്തിൻെറ സാമൂഹികവും ചരിത്രപരവുമായ പരിവർത്തനത്തിൽ പങ്കുവഹിക്കാനുള്ള അവകാശംപോലും നിഷേധിക്കപ്പെട്ടിരിക്കുന്നു എന്നും അവരറിയുന്നില്ല.

ഇതിനർത്ഥം നിരക്ഷരതയെന്നത് കേവലം എഴുത്തും വായനയും അറി യായ്മയേക്കാൾ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണെന്നല്ലേ? ഇതി നർത്ഥം, നിരക്ഷരരായ ആളുകൾ, സാംസ്കാരികമായും സാമ്പത്തികമാ യും അവഗണിക്കപ്പെട്ടവരും സമൂഹത്തിൻെറ പുറമ്പോക്കിൽ താമസി ക്കാൻ വിധിക്കപ്പെട്ടവരുമാണന്നല്ലോ? ജനസംഖ്യയിൽ അറുപതുശതമാന ത്തിലധികം വരുന്ന നിരക്ഷരരുടെ വൻനിര, രാഷ്ട്രത്തിൻെറ സാമ്പത്തി കവും സാമൂഹ്യവുമായ വളർച്ചയെ ഏതു ദിശയിലേക്കാണാനയിക്കുക?

എഴുതാനും വായിക്കാനും കഴിവില്ലായ്മ വ്യക്തിപരമായ ഒരു പോ രായ്മയായി മാത്രം കാണുന്നതിലർത്ഥമില്ല. വ്യക്തിപരമായ പോരായ്മ യോടൊപ്പം ജനസമൂഹത്തിൻെറ വൻതോതിലുള്ള നിരക്ഷരത, ഒരു വലിയ സാമൂഹ്യനഷ്ടം കൂടിയാകുന്നു. അക്ഷരശൂന്യരായ ആളുകൾക്ക്, സ്വന്തം തൊഴിലിൽ മികവുകാണിക്കാൻ പ്രയാസം. സാങ്കേതിക വൈദഗ് ധ്യം വളർത്തി അദ്ധ്വാനത്തിൻെറ ഉയർന്ന ഉല്പാദന ക്ഷമതകൈവരിക്കാൻ അക്ഷരാഭ്യാസം കൂടിയേ തീരൂ. ജനാധിപത്യ സംവിധാനത്തിൻെറ അടി ത്തറ മൂല്യബോധമുള്ള ജനങ്ങളാണ്. പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാതെ മാമൂലുകളുടെയും അന്ധവിശ്വാസങ്ങളുടേയും അധിവാസ കേന്ദ്രങ്ങളയിക്കഴിയുന്നവരിൽ നിന്ന് ഏതുമാതിരി മൂല്യബോധമാണ് പ്ര തീക്ഷിക്കാൻ കഴിയുക? ഉത്തരേന്ത്യയിൽ പല സ്ഥലങ്ങളിലും ഒരു ചെറിയ പ്രകോപനമുണ്ടായാൽ, വർഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ട് കാട്ടുതീപോലെ പടരുന്നത് കാണാം. അങ്ങനെയൊരനുഭവം കേരളത്തിൽ വിരളമാണ്. വിദ്യാഭ്യാസത്തിലും സാക്ഷരതയിലും കേരളവും ഉത്തരേ ന്ത്യൻ ഗ്രാമങ്ങളും തമ്മിലുള്ള വ്യത്യാസം, വടക്കെ ഇന്ത്യയിൽ ചില പ്രദേശങ്ങളിൽ നടക്കുന്ന പ്രാകൃതകലാപങ്ങളിൽ സ്വാധീനം ചെലുത്തുന്നി ല്ലെ? സതിയെന്ന ക്രൂരമായ ആചാരം നിലനിർത്തണമെന്നാവശ്യപ്പെട്ടു കൊണ്ട്, സ്ത്രീകളുടെ വൻകൂട്ടങ്ങൾ പ്രകടനം നടത്തുന്ന രാജസ്ഥാനിലെ സ്ത്രീ സാക്ഷരത അഞ്ചുശതമാനത്തിലധികമല്ല. ആസൂത്രിതവികസനം അർത്ഥവത്തും ഫലപ്രദവുമാകണമെങ്കിൽ, അതിൽ ബോധപൂർവ്വവും ആത്മാർത്ഥവുമായ സാമൂഹ്യപങ്കാളിത്തമുണ്ടാകണം. അക്ഷരശൂന്യരായ വരെ സംബന്ധിച്ചിടത്തോളം വികസന നേട്ടങ്ങളുടെ ഉപഭോക്താക്കളെ ന്നതിനപ്പുറം വലിയ പങ്കാളിത്തം പ്രതീക്ഷിക്കാൻ വകയില്ല. സാക്ഷരരും സാമൂഹ്യബോധമുള്ളവരുമായ ജനസമൂഹം വികസനപ്രവർത്തനങ്ങളുടെ മുന്നുപാധിയും ഫലവുമാണ്. വികസനമെന്നത്, അടിസ്ഥാനപരമായി മനുഷ്യൻെറ വികസനമാണെങ്കിൽ, അതിനു സഹായിക്കുന്ന ഘടകങ്ങ ളിൽ ആദ്യത്തേതാണ് സാക്ഷരത. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ടുതന്നെ യാവണം സോവിയറ്റ് യൂണിയൻ, വിയറ്റ്നാം, ക്യൂബ തുടങ്ങിയ രാഷ്ട്ര ങ്ങൾ, ദേശീയമായ പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ടുപോലും,

ഒരു യുദ്ധത്തെ നേരിടുന്നതുപോലെ നിരക്ഷരതയോടേറ്റുമുട്ടിയത്. വ്യക്തിപരമായ ഒരു സൽക്കർമ്മമോ ഔദാര്യമോ ആയി നിരക്ഷരതാ നിർമാർജനത്തെ കാണരുത്. എത്രയുംവേഗം പരിഹാരം കാണേണ്ട ഒരു വലിയ സാമൂഹ്യപ്രശ്നമാണത്. ജനസമൂഹത്തിൻെറ നിരക്ഷരത ഇന്ത്യയുടെ നാണക്കേടും ശാപവുമാണെന്ന് ദശാബ്ദങ്ങൾക്കു മുമ്പുതന്നെ മ ത്മാ ഗാന്ധി മുന്നറിയിപ്പു നൽകിയിരുന്നു.

## സാക്ഷരതയും സാമൂഹ്യ പുരോഗതിയും

പൗലോ ഫ്രെയർ ചൂണ്ടിക്കാണിക്കുന്നതുപോലെ. "എഴുതാനും വായിക്കാനുമുള്ള യാന്ത്രിക വിദ്യകളഭ്യസിക്കുന്നതിനേക്കാൾ, മനശ്ശാസ്ത്രപരമായ കാര്യങ്ങൾകൂടി സാക്ഷരതാ പരിപാടിയിൽ അടങ്ങിയിരിക്കുന്നുണ്ട്. സൃഷ്ടിയുടേയും പുനഃസൃഷ്ടിയുടേയും മനോഭാവത്തോടെ സാഹചര്യങ്ങളിലേക്കു കടന്നുചെല്ലാൻ സ്വയം രൂപാന്തരപ്പെടുത്തുന്നതാണ് സാക്ഷരത".

ഏതെല്ലാം വിധത്തിലാണ് സാക്ഷരത സാമൂഹ്യപുരോഗതിയെ സഹായിക്കുന്നതെന്ന് ദേശീയ സാക്ഷരതാ മിഷൻ പ്രസിദ്ധീകരിച്ച രേഖയിൽ വ്യക്തമായ തെളിവുകളോടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

1. സാക്ഷരരായ രക്ഷിതാക്കളുടെ സമൂഹത്തിൽ കൊഴിഞ്ഞുപോക്ക് പ്രായേണ കുറവാണ്. അവരുടെ കുട്ടികൾ ക്ലാസ്സിൽ കുറേക്കൂടി ഉയർന്ന നിലവാരം പുലർത്തുന്നു. അക്ഷരാഭ്യാസമുള്ള രക്ഷിതാവ് കുട്ടികളെ സ്ക്കൂളിലയക്കാനും അവരുടെ പഠനത്തിൽ നിരന്തര ശ്രദ്ധ ചെലുത്താനും തൽപ്പരനായിരിക്കും. നിരക്ഷരരായ രക്ഷിതാക്കളാണ് കുട്ടികളുടെ വിദ്യാഭ്യാസത്തിന് ഏറ്റവും വലിയ തടസ്സം.
2. സാക്ഷരരായ അമ്മമാർക്കിടയിൽ നിരക്ഷരരെ അപേക്ഷിച്ച് ശിശുമരണനിരക്ക് കുറവാണെന്ന് ജനസംഖ്യാപഠനങ്ങൾ വ്യക്തമാക്കുന്നു.
3. ശിശുക്കൾക്ക് യഥാകാലം പ്രതിരോധകുത്തിവെപ്പുകൾ നടത്താനും വേണ്ടത്ര മുൻകരുതലുകളെടുത്ത് ശിശുമരണത്തിനിടയാക്കുന്ന മറ്റു രോഗങ്ങളും തടയാനും സാക്ഷരരായ അമ്മമാർക്കു കഴിയുന്നു. വയറിളക്കം ബാധിച്ച് കുട്ടിയുടെ ശരീരത്തിൽനിന്നും വാർന്നുപോകുന്ന ജലനഷ്ടം നികത്താൻ പാനീയ ചികിത്സ നടത്താനുള്ള വിവരംപോലും നിരക്ഷ രാ അമ്മമാർക്കില്ല.
4. ചെറിയ ക ുംബമെന്ന ആശയം കൂടുതൽ പ്രായോഗികമാക്കപ്പെട്ടിരിക്കുന്ന ാക്ഷരതയാർജിച്ചവരിലാണ്. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാര വു കുടുംബക്ഷേമ പരിപാടിയും തമ്മിൽ പ്രകടമായ ബന്ധം കാണ ുന്ന

5. പ്രശ്നങ്ങൾ പരിഹരിക്കാനും സാമൂഹ്യമായ അവകാശങ്ങൾ നേടാനുമുള്ള കഴിവിൽ അക്ഷരാഭ്യാസം നേടിയവരും അങ്ങനെ അല്ലാത്തവരും വിഭിന്നമായ രണ്ടുതട്ടുകളിൽ നിൽക്കുന്നു. ഈ വ്യത്യാസം സ്ത്രീകളിൽ പ്രത്യേകിച്ചും പ്രകടമാണ്. സാമൂഹ്യവും നിയമപരവുമായ അവകാശങ്ങളെക്കുറിച്ചുള്ള ബോധം, കുടുംബഭരണത്തിനാവശ്യമായ വൈഭവം ആർജിക്കാനുള്ള കഴിവ്, സാമൂഹ്യബോധം എന്നിവയുടെ കാര്യത്തിൽ സാക്ഷരരായ സ്ത്രീ വളരെ മുന്നിലാണ്.

## അമ്പതുകോടി നിരക്ഷരർ

ജനങ്ങളുടെ വ്യക്തിത്വ വികാസത്തിലും ദേശീയ പുരോഗതിയിലും സാക്ഷരതയ്ക്കുള്ള പങ്ക് ഏവരും പ്രാധാന്യത്തോടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. എന്നാൽ സാക്ഷരതയുടെയും വയോജന വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ വലിയ വിജയമൊന്നും കൈവരിക്കാൻ നാലു ദശാബ്ദക്കാലത്തെ വികസന പ്രവർത്തനങ്ങൾക്കു ശേഷവും ഇന്ത്യക്ക് കഴിഞ്ഞിട്ടില്ല. കഴിഞ്ഞ നാൽപ്പതു വർഷത്തിനിടയ്ക്ക് വിദ്യാഭ്യാസം വളരെയേറെ വ്യാപിച്ചു. എന്നിട്ടും നിരക്ഷരത നിയന്ത്രിക്കാനാവാത്തവിധം പെരുകി. 90 കോടിയാണ് ലോകത്താകെയുള്ള നിരക്ഷരരുടെ സംഖ്യ. അതിൽ പകുതിയിലേറെ ഇന്ത്യക്കാരാണെന്ന വസ്തുത നമുക്കാർക്കും അഭിമാനം നൽകുന്നതല്ല. സ്വാതന്ത്ര്യം പ്രാപിക്കുന്ന കാലത്ത് ഇന്ത്യയിലുണ്ടായിരുന്ന മൊത്തം ജനസംഖ്യയേക്കാൾ അധികമാണ് ഇന്നത്തെ നിരക്ഷരരുടെ എണ്ണം. 1951-ൽ ഇന്ത്യയിലെ സാക്ഷരത 16.67 ശതമാനമായിരുന്നു. 1981-ൽ അത് 36.23 ശതമാനമായി. ഈ ദേശീയ ശരാശരി നിരക്ഷരതയുടെ ഒരുയഥാർത്ഥ ചിത്രം നൽകാൻ പര്യാപ്തമല്ലെന്നതാണ് മറ്റൊരു വസ്തുത. ഇതിന്നുള്ളിൽ ഗ്രാമനഗരവ്യത്യാസവും സ്ത്രീ പുരുഷ വ്യത്യാസവും ഒളിഞ്ഞിരിക്കുന്നുണ്ട്. പുരുഷന്മാരിൽ 46.89 ശതമാനത്തിന് സാക്ഷരതയുള്ളപ്പോൾ അക്ഷരാഭ്യാസം സിദ്ധിച്ച സ്ത്രീകൾ 24.82 ശതമാനം മാത്രം. സ്ത്രീ സാക്ഷരതയിൽത്തന്നെ പ്രകടമായ ഗ്രാമ-നഗര വ്യത്യാസം കാണാം. നഗരങ്ങളിൽ സ്ത്രീ സാക്ഷരത 41 ശതമാനമുള്ളപ്പോൾ, ഗ്രാമങ്ങളിൽ അത് 18 ശതമാനം മാത്രം. മൊത്തത്തിൽ നാഗരികരിൽ 57.4 ശതമാനമാളുകൾ സാക്ഷരരായിരിക്കുമ്പോൾ, ഗ്രാമീണ സാക്ഷരത 29.65 ശതമാനം മാത്രമാകുന്നു. ഇന്ത്യയിലെ ജനങ്ങളിൽ 76.69 ശതമാനം ഗ്രാമങ്ങളിൽ ജീവിക്കുന്നവരാകുന്നു. 21 ശതമാനം മാത്രം സാക്ഷരതയുള്ള ഹിമാചൽ പ്രദേശാണ് ഏറ്റവും പിറകിൽ, കേരളം ഏറ്റവും മുന്നിലും. സ്ത്രീ സാക്ഷരത ഏറ്റവും കുറവ് രാജസ്ഥാനി

ലാണ്—5.5 ശതമാനം. ബീഹാറാണ് ഹരിജനങ്ങളുടെ സാക്ഷരത ഏറ്റവും കുറവുള്ള സംസ്ഥാനം—10 ശതമാനം. 1981-ലെ ജനസംഖ്യ കണക്കനുസരിച്ച് ഇന്ത്യയിലെ 68 കോടി ജനങ്ങളിൽ 43.5 കോടിക്ക് അക്ഷരജ്ഞാനമുണ്ടായിരുന്നില്ല. 1991-ലെ കാനേഷുമാരികണക്കുവരുമ്പോൾ, ഇന്നത്തെ നിലയിൽ ഇന്ത്യയിലെ മൊത്തം ജനസംഖ്യ 48 കോടിയും ആകാനാണ് സാധ്യത. ഇതിനർത്ഥം 50 കോടി നിരക്ഷരരേയും കൊണ്ടായിരിക്കും ഭാരതം ഇരുപത്തൊന്നാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാനെത്തുകയെന്നാണ്. അന്ന് 15-35 പ്രായപരിധിയുള്ള നിരക്ഷരരിൽ 54 ശതമാനം ഇന്ത്യക്കാരായിരിക്കുമെന്ന് കണക്കാക്കപ്പെടുന്നു. ഇതിനർത്ഥം ഇരുപത്തൊന്നാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ ലോകത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരതയുള്ള രാജ്യം ഇന്ത്യയായിരിക്കുമെന്നാണ്. ഒരു പക്ഷെ, നിരക്ഷരരുള്ള ഏക രാഷ്ട്രം നമ്മുടേതായിരിക്കാനും മതി. നമ്മുടെ വികസന സങ്കല്പത്തെത്തന്നെ കൊഞ്ഞനം കാണിക്കുന്ന ഒരു സ്ഥിതി വിശേഷമാണിത്.

## എന്തുകൊണ്ടിങ്ങനെ സംഭവിച്ചു?

വികസനത്തിനും നിലനിൽപ്പിനും സാക്ഷരത ഒരു മുൻകൂർ ആവശ്യമാണെന്നൊക്കെ പറഞ്ഞുകേൾക്കാറുണ്ടെങ്കിലും സാമാന്യം നീണ്ടകാലത്തെ വികസന പ്രവർത്തനങ്ങൾക്ക് നിരക്ഷരത കുറയ്ക്കുന്നതിൽ കാര്യമായൊന്നും ചെയ്യാൻ കഴിയാതിരുന്നതെന്തേ? ഫാക്ടറികളും അണക്കെട്ടുകളും റോഡുകളും പണിതു കൂട്ടുന്നതിനപ്പുറം മനുഷ്യൻെറ ഭൗതീകവും സാംസ്കാരികവുമായ ആവശ്യങ്ങളുടെ സാക്ഷാത്കാരമാണ് വികസനത്തിൻെറ പരമലക്ഷ്യമെങ്കിൽ, അതിൻെറ ആദ്യത്തെപ്പടിയായ സാക്ഷരതയെങ്കിലും ഭൂരിപക്ഷം ആളുകൾക്കും നൽകാൻ കഴിയേണ്ടതായിരുന്നു. ഇതുണ്ടാകാതെ പോയതിന് പലകാരണങ്ങളും ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്.

വയോജന വിദ്യാഭ്യാസ പ്രവർത്തനങ്ങളും സാക്ഷരതാ പദ്ധതികളും ആവിഷ്കരിക്കപ്പെടാത്തതുകൊണ്ടല്ല, ഇന്ത്യയിൽ നിരക്ഷരർ കണ്ടമാനം വർദ്ധിച്ചത്. ചെറുതും വലുതുമായ അനേകം വിയോജനവിദ്യാഭ്യാസ പരിപാടികൾ സർക്കാരിൻേറതായിട്ടും സന്നദ്ധ സംഘടനകളുടെ ഉൽസാഹത്തിലും ആവിഷ്കൃതമായിട്ടുണ്ട്. ഇന്നും നടന്നുവരുന്നുമുണ്ട്. കൂട്ടത്തിൽ ഏറ്റവും ബൃഹത്തായിരുന്ന 1978-ലെ ദേശീയ വയോജനവിദ്യാഭ്യാസപരിപാടി, തൊഴിലാഭിമുഖ്യത്തിനു മുൻഗണന നൽകിക്കൊണ്ട്, അഞ്ചു കോടി നിരക്ഷരരെ, പ്രത്യേകിച്ചും 15-35 പ്രായപരിധിയിലുള്ളവരെ സാ

ക്ഷരരാക്കാനുള്ള സമയബന്ധിത പരിപാടിയായിരുന്നു അത്. മോശമല്ലാത്ത സാമ്പത്തിക സൗകര്യങ്ങളും വമ്പിച്ച തയ്യാറെടുപ്പുകളുമുണ്ടായിട്ടും NAEP എന്ന ആ വൻപരിപാടി വിജയിച്ചില്ല. ഇന്ത്യാ ഗവൺമെൻറിൻെറ ഇരുപതിന പരിപാടിയിലും നിരക്ഷരതാ നിർമ്മാർജ്ജനത്തിനു വകുപ്പുണ്ടായിരുന്നു. സർക്കാരിൻെറ തന്നെ RFLP തുടങ്ങിയ പരിപാടികൾ ജനങ്ങളെ സാക്ഷരരാക്കാൻവേണ്ടി ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നവയാണ്. കൂടാതെ നിരക്ഷരതയ്ക്കെതിരെ ചെറുതും വലുതുമായ അനേകം സന്നദ്ധ സംഘടനകളും രംഗത്തുണ്ട്. എന്തെല്ലാമുണ്ടായിട്ടും ഓരോ സെൻസസ് കഴിയുമ്പോഴും ജനസംഖ്യയ്ക്കൊപ്പം നിരക്ഷരരുടെ സംഖ്യയും കുതിച്ചുയരുന്നതാണ് നാം കാണുന്നത്. നിരക്ഷരതയെന്ന ശാപം തുടച്ചുനീക്കാൻ വേണ്ടി ആരംഭിക്കുന്ന ചെറുതും വലുതുമായ ഓരോ ശ്രമവും വേണ്ടത്ര ഏശാതെ പോകുന്നതെന്തുകൊണ്ട്? വയോജന വിദ്യാഭ്യാസത്തെക്കുറിച്ച് പഠനം നടത്തിയ സ്ഥാപനങ്ങളും ദേശീയ സാക്ഷരതാ മിഷനും ചൂണ്ടിക്കാണിക്കുന്ന കാരണങ്ങൾ താഴെ പറയുന്നവയാണ്.

ഒന്നാമതായി 30 കോടിയിലധികം ജനങ്ങളെ അക്ഷരഹീനരായി നിർത്തിക്കൊണ്ടാണ് 1947-ൽ കൊളോണിയൽ ഭരണം അവസാനിച്ചത്. രണ്ടാമതായി, ഭരണഘടന വാഗ്ദാനം ചെയ്തിരുന്ന സാർവ്വത്രികവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം എന്ന പരിപാടി കാലമിത്രയായിട്ടും നടക്കാതെ പോയത്. പ്രാഥമിക വിദ്യാഭ്യാസം സാർവ്വത്രികമാകുന്നതോടെ, ഭാവിതലമുറയുടെയെങ്കിലും സാക്ഷരത ഉറപ്പുവരുത്താമെന്നതായിരുന്നു പ്രതീക്ഷ. ഒരിക്കലും സ്ക്കൂളിൽപ്പോവാനവസരം കിട്ടാത്തവരും, സ്ക്കൂളിൽച്ചെന്ന് ഏറെ കഴിയുന്നതിനുമുമ്പ് വൻതോതിൽ കൊഴിഞ്ഞുപോയവരും നിരക്ഷരപ്പടയുടെ സംഖ്യ വർധിപ്പിച്ചു.

മൂന്നാമതായി ജനസംഖ്യയുടെ ക്രമാതീതമായ വർദ്ധനവ് മറ്റു പലതിനേയുമെന്നപോലെ സാക്ഷരതാ പ്രവർത്തനത്തേയും അഗണ്യമാക്കി. 1971-ൽ 54.82 കോടിയായിരുന്ന ജനസംഖ്യ പത്തുവർഷങ്ങൾക്കുശേഷം 1981-ൽ 68.52 കോടിയായി ഉയർന്നു.

നാലാമതായി, നിരക്ഷരതാ നിർമ്മാർജ്ജനത്തിനായി ഗവൺമെൻറിൻെറ നേതൃത്വത്തിൽ നടത്തിവന്നിരുന്ന പ്രവർത്തനങ്ങൾക്ക്, ജനങ്ങളുടെ ആവശ്യങ്ങളും പരിമിതികളും മനസ്സിലാക്കി അതുമായി പൊരുത്തപ്പെട്ടുപോവാൻ കഴിഞ്ഞില്ല. എത്ര നല്ല പരിപാടിയും ജനങ്ങൾക്കംഗീകരിക്കാൻ പറ്റുന്ന വിധത്തിൽ ആവിഷ്കരിച്ചാലേ ഫലവത്താകൂ.

എല്ലാത്തിലുമുപരിയായി ദാരിദ്ര്യവും പ്രാഥമിക വിദ്യാഭ്യാസത്തിൻെറ അപര്യാപ്തതയുമാണ് ഭീതിദമായ നിരക്ഷരതാപ്പെരുപ്പത്തിനു കാരണമെ

ന്നുകാണാം. ഇന്ത്യയിൽ ജനവാസമുള്ള പ്രദേശങ്ങളിൽ, അഞ്ചിലൊന്നു സ്ഥലത്ത് ഇനിയും പ്രൈമറി സ്കൂളുകൾ പോലും സ്ഥാപിക്കാൻ കഴിഞ്ഞിട്ടില്ല. ഉള്ള വിദ്യാലയങ്ങളിൽത്തന്നെ കുട്ടികളെ ആകർഷിക്കാനോ അവരുടെ താല്പര്യം നിലനിർത്താനോ കഴിയുന്ന വിധത്തിൽ യാതൊരു സൗകര്യവുമില്ല. പലതും ഏകാധ്യാപന വിദ്യാലയങ്ങൾ . കൂടാതെ ഏതെങ്കിലും വിധത്തിൽ സാക്ഷരത്വം നേടേണ്ടത് അത്യാവശ്യമാണെന്ന ബോധം, കുട്ടികളിലോ അവരുടെ രക്ഷിതാക്കളിലോ ഉണ്ടാകാനുള്ള യാതൊരു പ്രവർത്തനവും നടന്നിട്ടില്ല. ഇതിൻെറ ഫലമായി വിദ്യാലയത്തിൽച്ചേരുന്ന നൂറുകുട്ടികളിൽ അമ്പതിലധികം പേരും നാലാം ക്ലാസിലെത്തുന്നതിനു മുമ്പേ കൊഴിഞ്ഞുപോകുന്നു. ജീവിതപ്രയാസങ്ങൾ പഠനം നിർത്തി മറ്റെന്തെങ്കിലും പണിക്കു പോകാൻ അവരെ പ്രേരിപ്പിക്കുന്നു. നിരക്ഷരത ഒരു വിദ്യാഭ്യാസ പ്രശ്നമെന്നതിനേക്കാൾ, ഇവിടെ ഒരു സാമൂഹ്യപ്രശ്നമാണ്. മിക്കവാറും ദരിദ്രരായ സാധുജനങ്ങളാണ് നിരക്ഷരരിൽതൊണ്ണൂറ്റഞ്ചു ശതമാനവും. നാലായിരം ഉറുപ്പികയിൽത്താഴെ വാർഷിക വരുമാനമില്ലാത്തവരാണ് നിരക്ഷരരിൽ ബഹുഭൂരിപക്ഷം പേരും. ഇതിനർത്ഥം ജനങ്ങളുടെ വൻതോതിലുള്ള നിരക്ഷരതയ്ക്കു കാരണം ദാരിദ്ര്യവും ജീവിത പ്രയാസങ്ങളുമാണെന്നല്ലേ? ദാരിദ്ര്യം നിരക്ഷരതയേയും നിരക്ഷരത ദാരിദ്ര്യത്തേയും വളർത്തുന്നു എന്നതാണ് സത്യം. സമൂഹത്തിൽ നിലനിൽക്കുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കുട്ടികളെ വിദ്യാഭ്യാസത്തിൽ നിന്നകറ്റുന്നതിൽ, പ്രത്യേകിച്ചും പെൺകുട്ടികളെ—വലിയ പങ്കു വഹിക്കുന്നു.

## കേരളത്തിലെ സ്ഥിതി:

ഈ നൂറ്റാണ്ടിലെ ആരംഭംമുതല്ക്കേ സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കേരളം ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങൾക്കു മുന്നിലാണ്. 1901-ൽ സാക്ഷരതയുടെ ഇന്ത്യൻ ശരാശരി 5.35 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അതിൻെറ ഇരട്ടിയിലധികം—13.14 ശതമാനം—സാക്ഷരത ഉണ്ടായിരുന്നു. 1981-ലെ ജനസംഖ്യ കണക്കുപ്രകാരം ഇന്ത്യയിലെ ശരാശരി സാക്ഷരത 36.23 ശതമാനവും കേരളത്തിലേത് 70.42 ശതമാനവുമാണ്. 'പണ്ടുമുതൽക്കുള്ള വിദ്യാഭ്യാസവ്യാപനം, വിവിധ വിദ്യാഭ്യാസ ഏജൻസികളുടെ പ്രവർത്തനം, കേരളത്തിൻെറ പ്രത്യേകമായ സാമൂഹ്യ സാഹചര്യം എന്നിങ്ങനെപല ഘടകങ്ങളുടെയും സംയുക്തപ്രവർത്തനമാണ് ഇവിടത്തെ ഉയർന്ന സാക്ഷരത. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു, കേരളത്തിനു ഉയർന്ന സാക്ഷരതയും ഉയർന്ന ബോധനിലവാരവും ഉണ്ടെങ്കിലും 29.58 ശതമാനം ആളുകൾ ഇവിടേയും അക്ഷരശൂന്യരാണ്.

ഏറ്റവും കൂടുതൽ നിരക്ഷരരുള്ളത് പാലക്കാട്ടു ജില്ലയിൽ. രണ്ടാംസ്ഥാനം വയനാടിനും മൂന്നാംസ്ഥാനം മലപ്പുറം ജില്ലയ്ക്കുമാണ്. പിന്നോക്ക വിഭാഗങ്ങൾ, താഴ്ന്ന വരുമാനമുള്ളവർ, ആദിവാസികൾ, സ്ത്രീകൾ എന്നിവരിലാണ് നിരക്ഷരത കൂടുതൽ.

ഇന്ത്യയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് സാക്ഷരതയിൽ നമുക്ക് അഭിമാനിക്കാൻ വകയുണ്ടെങ്കിലും നാലു കേരളീയരിൽ ഒരാൾ ഇന്നും നിരക്ഷരനാണെന്ന കാര്യം വിസ്മരിക്കാതിരിക്കുക. കേരളത്തിലെ നിരക്ഷരതയ്ക്ക് മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു പ്രത്യേകതയുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ വലിയൊരു സംഘം നിരക്ഷരർക്കിടയിൽ ഏതാനും സാക്ഷരർ ജീവിക്കുമ്പോൾ, കേരളത്തിൽ മറിച്ചാണ് സ്ഥിതി. അതുകൊണ്ടുതന്നെ തങ്ങളുടെ കഴിവുകേട് മറ്റുള്ളവരുടെ മുന്നിൽ തുറന്നു സമ്മതിക്കുവാൻ കേരളത്തിലെ നിരക്ഷരർ മടിക്കും. ഇവിടത്തെ പ്രത്യേക സാമൂഹ്യസാഹചര്യത്തിൽ, കേരളത്തിലെ നിരക്ഷരരുടെ ബോധനിലവാരം മറ്റു സംസ്ഥാനങ്ങളിലെ അക്ഷരശൂന്യതയേക്കാൾ ഏറെ ഉയർന്നതാണ്. ഇക്കാരണങ്ങളാൽ, ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിലേതിൽനിന്നും വിഭിന്നമായ, ഒരു പ്രത്യേക പരിപാടിയും സമീപനവും ആവിഷ്കരിച്ചുകൊണ്ടു മാത്രമേ, കേരളത്തിൽ, നിരക്ഷരതാനിർമ്മാർജ്ജനം സാദ്ധ്യമാവൂ.

## എന്തു ചെയ്യണം

ഏറെക്കാലമായി നിരക്ഷരതാ നിർമ്മാർജ്ജനം നമ്മുടെ അജണ്ടയിൽ വന്നിട്ട്. ദേശീയ വയോജന പരിപാടിയടക്കം ചെറുതും വലുതുമായ അനേകം പദ്ധതികൾ സർക്കാരിൻെറ നേതൃത്വത്തിൽത്തന്നെ ഇതിനുവേണ്ടി ആവിഷ്കരിക്കപ്പെട്ടു കഴിഞ്ഞു. ധാരാളം പണം ഇതിൻെറ പേരിൽ ചെലവഴിക്കുകയും ചെയ്തു. എന്നിട്ടും സ്ഥിതിഗതികളിൽ മാറ്റം വരുന്നില്ലെന്നു മാത്രമല്ല, നിരക്ഷരതയെന്ന ശാപം കൂടുതലാഴത്തിൽ നമ്മെ വേട്ടയാടിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ ഗതികേടിൽനിന്നും രക്ഷപ്പെടേണ്ടേ? വേണമെങ്കിൽ എന്താണിതിനൊരു വഴി? ഇതുവരെ നടന്ന വയോജനവിദ്യാഭ്യാസ പ്രവർത്തനങ്ങളുടെയും നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികളുടെയും പോരായ്മകൾ എന്തായിരുന്നു? ആ പോരായ്മകൾ എങ്ങനെ പരിഹരിക്കും?

ഇന്ത്യയെപ്പോലെത്തന്നെ കൊളോണിയൽ നുകത്തിൽനിന്നും കുതറിച്ചാടിയിട്ടും ദാരിദ്ര്യവും നിരക്ഷരതയും നിലനിന്നിരുന്ന രാഷ്ട്രങ്ങൾ വേറെയുമുണ്ട്. ഈ രാഷ്ട്രങ്ങൾ പലതിലും ഇന്നു നിരക്ഷരതയില്ല.

യുദ്ധകാല പ്രാധാന്യത്തോടെ ആ രാഷ്ട്രങ്ങൾ നിരക്ഷരത നീക്കം ചെയ്തു. ദേശീയമായ വൻവിപത്തുകളെ നേരിട്ടുകൊണ്ടിരിക്കുമ്പോഴും, എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി അവർ നിരക്ഷരതയ്ക്കെതിരായി യുദ്ധം ചെയ്തു. അത്തരം രാഷ്ട്രങ്ങളെ സംബന്ധിച്ചിടത്തോളം നാടിൻെറ വികസനത്തിനും സമൂഹത്തിൻെറ പൊതുസാംസ്കാരിക നിലവാരം സംരക്ഷിക്കുന്നതിനും ഒഴിച്ചുകൂടാൻ വയ്യാത്ത ഒരു ഘടകമായിരുന്ന ജനങ്ങളുടെ സാക്ഷരത. വീടുണ്ടാക്കാൻ കല്ലും കമ്പിയും സിമൻറും സാങ്കേതിക വൈദഗ്ധ്യമുള്ള പണിക്കാരും ആവശ്യമുള്ളതുപോലെ, സമൂഹത്തിൻെറ വികസനത്തിനും പുരോഗതിക്കും, സാക്ഷരത്വമുള്ള ജനസമൂഹം കൂടിയേ തീരു എന്ന വ്യക്തമായ കാഴ്ചപ്പാടുള്ളതുകൊണ്ടാണ് അവർക്കിത്രയും സാധിച്ചത്. വികസനത്തിൻെറ മുന്നുപാധിയാണ് സാക്ഷരത. വളരെ വ്യക്തമായ ഈ ലക്ഷ്യബോധവും അതു നിറവേറ്റാനുള്ള ദേശീയമായ പ്രതിബദ്ധതയുമാണ് നിരക്ഷരതാ നിർമ്മാർജ്ജനത്തിന് ആദ്യംവേണ്ട മൂലധനം. വയോജന വിദ്യാഭ്യാസ പരിപാടിക്ക്, നാളിതുവരെ നാം പ്രതീക്ഷിച്ചിരുന്നതിൽ കുറഞ്ഞ വിജയമേ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളൂവെങ്കിൽ. അതിൻെറ കാരണം തിരയേണ്ടത്,ഇപ്രകാരം വ്യക്തമായ ഒരു ലക്ഷ്യബോധമോ എന്തുചെയ്തും അതു നടപ്പാക്കണമെന്ന വാശിയോ ഉണ്ടായിട്ടുണ്ടോ എന്ന വസ്തുതയിലാണ്.

സർക്കാരിൻെറയും സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ നടന്ന നിരക്ഷരതാ നിർമ്മാർജ്ജന പരിപാടികളിൽ ഏറെയും ഭാഗിക വിജയം മാത്രം കൈവരിച്ചതിൻെറ കാരണം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ്, അഹമ്മദാബാദ്, ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്, ബോംബെ, തുടങ്ങിയ പല സ്ഥാപനങ്ങളും പഠനവിധേയമാക്കിയിട്ടുണ്ട്. അവ, ചൂണ്ടിക്കാണിച്ച പോരായ്മകൾ താഴെ കൊടുക്കുന്നു:

1. അക്ഷര ശൂന്യരായ ആളുകൾക്ക് പഠിക്കണമെന്നോ അവരുമായി ബന്ധപ്പെട്ട സാക്ഷരസമൂഹത്തിന് ഇത്തരക്കാരെ വാക്കുകൾ നൽകി ഉയർത്തിക്കൊണ്ടു വരണമെന്നോ ഉള്ള ആത്മാർത്ഥമായ താല്പര്യം ഇല്ലാതെ പോയത്. പലവിധ ജീവിത പ്രയാസങ്ങൾക്കിടയിൽ സാക്ഷരരാകുന്നതിൻെറ പ്രാധാന്യവും പ്രയോജനവും ദരിദ്രരും വിദ്യാഹീനരുമായ ആളുകളെ വ്യാപകമായ തോതിൽ ബോദ്ധ്യപ്പെടുത്താൻ നമുക്കു കഴിഞ്ഞില്ല.
2. നിരക്ഷരരെ പഠിപ്പിക്കാൻ നിയോഗിക്കപ്പെട്ട ഇൻസ്ട്രക്ടർമാർക്ക് ലഭിച്ച പരിശീലനം ഗുണം കുറഞ്ഞതും അപൂർണവുമായിരുന്നു.

3. പഠിതാക്കളെ ഒരുനിലയ്ക്കും ആകർഷിക്കാനോ പിടിച്ചു നിർത്താനോ കഴിയാത്തവണ്ണം അനാകർഷകങ്ങളും അസൗകര്യങ്ങൾ നിറഞ്ഞതുമായിരുന്നു സാക്ഷരതാ കേന്ദ്രങ്ങൾ.
4. ബഹുജന മാദ്ധ്യമങ്ങൾ നിരക്ഷരതാ നിർമ്മാർജ്ജന ശ്രമങ്ങൾക്ക് ആവശ്യമായ പിന്തുണയോ പ്രസിദ്ധീകരണമോ നൽകിയില്ല.
5. സാക്ഷരതാ പ്രവർത്തനത്തിലേർപ്പെട്ട സന്നദ്ധ സംഘടനകൾക്ക് ഭരണാധികാരികളിൽനിന്ന് കാര്യമായ പിന്തുണയൊന്നും ലഭിച്ചില്ല.
6. സാക്ഷരതാ കേന്ദ്രങ്ങളിലേക്ക് നിരക്ഷരരെ ആകർഷിക്കാനും പ്രയോജനകരവും താല്പര്യ പൂർവ്വകവുമായപഠനാനുഭവങ്ങൾ നൽകി അവരെ പഠനകാലം മുഴുവൻ പിടിച്ചുനിർത്താൻ സാക്ഷരതാ കേന്ദ്രങ്ങൾക്കു കഴിഞ്ഞില്ല.
7. പുതുതായി സാക്ഷരരാകുന്നവരുടെ അറിവും കഴിവും നിലനിർത്താനുള്ള പ്രത്യേക പരിപാടികൾ ഉണ്ടായിരുന്നില്ല.

## നിരക്ഷരതയ്ക്കെതിരായ യുദ്ധത്തിൽ ആരെല്ലാം പങ്കെടുക്കണം?

നിരക്ഷരതാ നിർമ്മാർജ്ജനത്തിന് ഗ്രാമീണ പ്രവൃത്യുന്മുഖ സാക്ഷരതാ പരിപാടി തുടങ്ങിയ ചില പദ്ധതികൾ സർക്കാരിനുണ്ട്. ചില സന്നദ്ധ സംഘടനകളും ഇവിടെ സാക്ഷരതാ പ്രവർത്തനത്തിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. എന്നാൽ, ഈ പരിപാടികൾക്കൊക്കെയുള്ള ഒരു പോരായ്മ, വിദ്യാസമ്പന്നസമൂഹത്തിനും നിരക്ഷര സംഘത്തിനും ഒരുപോലെ ഇവയോടുള്ള താല്പര്യരാഹിത്യമാണ്. നിരക്ഷരതാ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ ഏശായ്മകളുടേയും പോരായ്മകളും പഠനവിധേയമാക്കിയ സ്ഥാപനങ്ങൾ ഇതിനുള്ള ഏറ്റവും വലിയ കുറവായി കാണുന്നതും ഈ താല്പര്യരാഹിത്യം തന്നെയാണ്. ഇതിനു പ്രതിവിധി കാണാതെയുള്ള യാതൊരു സാക്ഷരതാ പരിപാടിയും വിജയിക്കാൻ പ്രയാസം അതുകൊണ്ട് ഇന്നു നടന്നുവരുന്ന സാധാരണ പരിപാടികളെക്കൊണ്ട് കേരളത്തിൽ സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ പ്രയാസം. വേണ്ടത്ര ആവശ്യബോധമോ താല്പര്യമോ ഉളവാക്കാൻ കഴിയാത്തതിനാൽ ഈ വക ശ്രമങ്ങൾ, അവയുടെ പിന്നിൽ എത്രമാത്രം ആത്മാർത്ഥതയും താല്പര്യവും ഉണ്ടായിരുന്നാലും ഭാഗികമായി മാത്രമേ ഫലിക്കുന്നുള്ളൂ. സന്മനസ്സുള്ള ഏതാനും വ്യക്തികളോ സ്ഥാപനങ്ങളോ ഏതെങ്കിലും ചില പ്രദേശങ്ങളിൽ ഒറ്റയ്ക്കു പരിശ്രമിച്ചതുകൊണ്ടുമാത്രം കേരളത്തിലെയോ ഇന്ത്യയിലെയോ നിരക്ഷരത നീക്കാനാവില്ല. രാഷ്ട്രീയവും സാമു

ഹ്യവുമായ ഇച്ഛാശക്തിയിൽ കുറഞ്ഞ ഒന്നിനും നിരക്ഷരതയെന്ന പൊതുശത്രുവിനോടേറ്റുമുട്ടി വിജയം വരിക്കാൻ കഴിയില്ല. ഭരണരംഗത്തും, സാമൂഹ്യപ്രസ്ഥാനങ്ങളിലും, വിദ്യാഭ്യാസ-സാംസ്കാരിക മണ്ഡലങ്ങളിലും പ്രവർത്തിക്കുന്നവരുടെ ഒത്തൊരുമിച്ചുള്ള പ്രവർത്തനങ്ങളിൽ നിന്നുണ്ടാവുന്ന ഒരു ബഹുജനപ്രസ്ഥാനത്തിനു മാത്രമേ നാടിനെ നിരക്ഷരതയിൽ നിന്നും മോചിപ്പിച്ച് സമ്പൂർണ്ണ സാക്ഷരത എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയൂ. നിരക്ഷരത നാടിനൊരാപത്താണ്, അതു പരിഹരിച്ചേ മതിയാവൂ എന്ന ബോധം സാമൂഹ്യപ്രസ്ഥാനങ്ങൾക്കും വിദ്യാസമ്പന്ന വിഭാഗത്തിലുമുണ്ടായാലേ ഇത്തരമൊരു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ കഴിയൂ. നമ്മുടേതുപോലുള്ള ഒരു സമൂഹത്തിൽ ജനങ്ങൾ അക്ഷരഹീനരായി ജീവിക്കുന്നത് നാണക്കേടാണെന്ന തോന്നൽ ബഹുജനപ്രസ്ഥാനങ്ങൾക്കുണ്ടാവണം. കേരളത്തെ സംബന്ധിച്ചിടത്തോളം വിദ്യാസമ്പന്ന സമൂഹത്തിൽനിന്നുണ്ടാകുന്ന സാമൂഹ്യ സമ്മർദ്ദമായിരിക്കണം, അവർക്കിടയിൽ ജീവിക്കുന്ന നിരക്ഷരർക്ക് അക്ഷരം പഠിക്കുവാനുള്ള മുഖ്യ പ്രേരകശക്തി.

നിരക്ഷരതയ്ക്കെതിരായ യുദ്ധത്തിൽ സാമൂഹ്യ പങ്കാളിത്തം ഏതു രീതിയിലായിരിക്കണമന്നതിനെക്കുറിച്ച് 1966-ൽ പ്രസിദ്ധീകരിച്ച കോത്താരി കമ്മീഷൻ പറയുന്നതു ശ്രദ്ധിക്കുക:

"....അസഹ്യമായ ഈ സ്ഥിതിവിശേഷം അവസാനിപ്പിക്കാൻ ഞങ്ങൾക്കു നിർദ്ദേശിക്കാനുള്ളത്, നിരക്ഷരതയ്ക്കെതിരായ ഏകമുഖവും നിരന്തരവുമായ സമരമാണ്. രാജ്യത്തെ രാഷ്ട്രീയനേതൃത്വവും സാമൂഹ്യനേതൃത്വവും ആവേശപൂർവ്വം സംഘടിപ്പിക്കുകയും പിന്തുണ നൽകുകയും ചെയ്യേണ്ട ഈ സമരം ദേശീയ ജീവിതത്തിൽ അതിനുള്ള പ്രാധാന്യത്താൽ പ്രചോദിതമായിരിക്കണം. കേന്ദ്രഗവൺമെൻറും സംസ്ഥാന ഗവൺമെൻറും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും തുല്യപ്രാധാന്യത്തോടെ അതിൽ പങ്കാളികളാകണം. മുഴുവൻ സന്നദ്ധ സംഘടനകളും സ്വകാര്യസ്ഥാപനങ്ങളും അതിനോടൊപ്പമുണ്ടായിരിക്കണം. സർവ്വകലാശാല മുതൽ പ്രൈമറി സ്കൂൾ വരെയുള്ള മുഴുവൻ വിദ്യാഭ്യാസസ്ഥാപനങ്ങളും ഇതിൽ അണിനിരക്കണം. വിദ്യാസമ്പന്നരായ മുഴുവൻ സ്ത്രീപുരുഷന്മാരും ഈ സമരത്തിൻെറ മുൻനിരയിലുണ്ടാകണം. ഇതിൽക്കുറഞ്ഞ ഒരു സംരംഭത്തിന് ഈ മഹാപ്രസ്ഥാനത്തിനാവശ്യമായ ആക്കം നൽകാൻ കഴിയാതെവരും"

(കോത്താരിക്കമ്മീഷൻ റിപ്പോർട്ട് 17:12)

# എറണാകുളം ജില്ല സമ്പൂർണ്ണ സാക്ഷരതാ യജ്ഞം

നാം നേരത്തെ ചർച്ച ചെയ്ത വസ്തുതകളുടെ അടിസ്ഥാനത്തിൽ വേണം എറണാകുളം ജില്ലയിലെ സാക്ഷരതാപ്രവർത്തനങ്ങളെ വിലയിരുത്താൻ. ഈ ജില്ലയിലെ, അഞ്ചുവയസ്സിനും അറുപതുവയസ്സിനും ഇടയിൽ പ്രായമുള്ള മുഴുവൻ നിരക്ഷരരേയും ഒരു വർഷത്തിനകം സാക്ഷരരാക്കാനുള്ള തീവ്രയത്നപരിപാടിയാണിത്. ദേശീയസാക്ഷരതാ മിഷൻെറ സാമ്പത്തിക സഹായത്തോടെ കഴിഞ്ഞ ജനുവരിയിൽ തുടക്കം കുറിച്ച ഈ പരിപാടി ഇന്നൊരു വലിയ ജനകീയ പദ്ധതിയായി മാറിക്കഴിഞ്ഞിരിക്കുന്നു. ഈ പദ്ധതി വിജയിപ്പിക്കുന്നതിൽ കേരളശാസ്ത്രസാഹിത്യപരിഷത്തിന് അതിപ്രധാനമായ ഒരു പങ്കുണ്ട്.

കുറെക്കാലമായി നമ്മുടെ നാട്ടിൽ നടന്നുവരുന്ന നിരക്ഷരതാനിർമാർജന പരിപാടികളിൽനിന്ന് പലതുകൊണ്ടും വ്യത്യസ്തത പുലർത്തുന്ന രീതിയിലാണ് എറണാകുളത്തെ സാക്ഷരതാ പദ്ധതി വിഭാവനം ചെയ്യപ്പെട്ടത്. നിരക്ഷരരിൽ ആവശ്യബോധവും അവരോടൊത്തു കഴിയുന്ന വിദ്യാസമ്പന്ന വിഭാഗത്തിന്, നാടിൻെറ ശാപമായ നിരക്ഷരത നീക്കാൻ ശ്രമിക്കേണ്ടത് തങ്ങളുടെ ബാധ്യതയാണെന്ന ചുമതലാബോധവുമുണ്ടാക്കാൻ കഴിയാത്തതാണ് പല സാക്ഷരതാ പരിപാടികളും വിജയിക്കാതിരുന്നതിൻെറ മുഖ്യകാരണമെന്ന് അന്യത്ര സൂചിപ്പിച്ചിട്ടുണ്ടല്ലോ. ചൂണ്ടിക്കാണിക്കപ്പെട്ട ഈ കുറവുകൾ പരിഹരിച്ചുകൊണ്ട്, ഒരേ സമയം സർക്കാരിൻെറയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെയും സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങളുടെയും സന്നദ്ധസംഘടനകളുടെയും പങ്കാളിത്തമാർജിച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന ഒരു ജനകീയ പദ്ധതിയാണിത്. സർക്കാരിൻെറയും സാമൂഹ്യസാംസ്കാരിക സംഘടനകളുടേയും ഒത്തൊരുമിച്ചുള്ള ശ്രദ്ധയും ശ്രമവും ചെലുത്തപ്പെടുന്ന ഗൗരവപൂർണ്ണമായ ഒരു പ്രവർത്തനമായി നിരക്ഷരതാനിർമാർജന പരിപാടി അംഗീകരിക്കപ്പെടുന്നത് ഒരു പക്ഷെ ഇതാദ്യമായിട്ടായിരിക്കും. അതുപോലെ ഇത്രയും ചുരുങ്ങിയ കാലംകൊണ്ട് ഒരു ജില്ലയിലെ മുഴുവൻ നിരക്ഷരരേയും സാക്ഷരരാക്കാനുള്ള ഒരു സമഗ്രപരിപാടി വിജയം വരിക്കാൻ പോകുന്നതും ഇതാദ്യത്തെത്തവണയായിരിക്കും.

## സമ്പൂർണ്ണസാക്ഷരതാപദ്ധതിയുടെ പ്രത്യേകതകൾ

റിപ്പബ്ലിക്ദിനമായ ജനുവരി 26 ന് കേരള മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഉൽഘാടനം ചെയ്ത ഈ സമയബന്ധിതപരിപാടി ഒക്ടോബറിൽ പൂർത്തീകരിക്കാനാണുദ്ദേശിക്കുന്നത്. ഈ കാലഘട്ടത്തിന്നിടയിൽ ഈ ജില്ലയിലെ 5-60 പ്രായപരിധിയിൽപ്പെട്ട 185381 നിരക്ഷരരെ അക്ഷരജ്ഞാനമുള്ളവരാക്കി മാറ്റേണ്ടിയിരിക്കുന്നു. "അക്ഷരജ്ഞാനമുള്ളവരാക്കി മാറ്റുക" എന്നതുകൊണ്ട് വെറുതെ എഴുതാനും വായിക്കാനും പഠിപ്പിക്കുക എന്നതുമാത്രമല്ല ഉദ്ദേശിക്കുന്നത്. എഴുത്തും വായനയ്ക്കുമപ്പുറം ജനങ്ങൾക്കിടയിൽ ജീവിതത്തെക്കുറിച്ച് ആരോഗ്യകരമായ ഒരവബോധം സൃഷ്ടിക്കാൻ കഴിയുന്ന പ്രവൃത്യന്മുഖസാക്ഷരതയാണ് നമ്മുടെ ലക്ഷ്യം. വികസനവുമായും രാഷ്ട്രപുരോഗതിയുമായും ബന്ധപ്പെട്ട മറ്റു ചില ലക്ഷ്യങ്ങൾകൂടി ഇതുവഴി കൈവരിക്കാൻ നമുക്കുകഴിയണം. പുതിയ ആശയങ്ങളും കാഴ്ചപ്പാടുകളും ജനങ്ങളിൽ വളർത്തിയെടുക്കുകവഴി മൊത്തം ഉല്പാദനത്തിൽ വർധനവുണ്ടാക്കുകയും ജനങ്ങളുടെ ജീവിതനിലവാരം ഉയർത്താൻ സാധിക്കുകയും ചെയ്യുക, സാമൂഹ്യപുരോഗതിക്കുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ അവരുടെ ആത്മാർത്ഥമായ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നിവയാണ് ഈ ലക്ഷ്യങ്ങൾ.

വേണ്ടത്ര സാമൂഹ്യപിന്തുണയില്ലായ്മയും നിരക്ഷരരായ സാധുജനങ്ങളിൽ ആവശ്യബോധം വളർത്തി അവരുടെ താല്പര്യമുണർത്താൻ കഴിയാത്തതുമാണ് നിലവിലുള്ള പല വയോജനവിദ്യാഭ്യാസ പരിപാടികളും ഏശാതിരിക്കാൻ കാരണമെന്നുപറഞ്ഞുവല്ലോ. സാമൂഹത്തിൽ ശരാശരി മനുഷ്യനായി ജീവിക്കാൻ ഭക്ഷണംപോലെ, വസ്ത്രംപോലെ ഒരത്യാവശ്യഘടകമാണ് സാക്ഷരതയെന്ന ബോധം നിരക്ഷരർക്കും, അതു നേടാൻ നിരക്ഷരരെ സഹായിക്കേണ്ട കടമ തങ്ങൾക്കുണ്ടെന്ന ബോധം സാക്ഷരർക്കും ഉണ്ടാവാതെ, ഒരു സാക്ഷരതാ പരിപാടിയും വിജയിക്കില്ല. സാക്ഷരതയ്ക്ക് വിദ്യാസമ്പന്ന സമൂഹം നല്കുന്ന മാന്യതയും, അക്ഷരവിദ്യ പഠിക്കാൻ വേണ്ടി വിദ്യാസമ്പന്ന വിഭാഗം നിരക്ഷരർക്കുമേൽ പ്രയോഗിക്കുന്ന സാമൂഹ്യസമ്മർദ്ദവുമാണ് ഏതൊരു സാക്ഷരതാപരിപാടിയും വിജയിക്കാനാവശ്യമായ ഒന്നാമത്തെ ഗ്യാരണ്ടി. അപ്രകാരം ഒരു സാമൂഹ്യസമ്മർദ്ദം സാക്ഷരർക്കിടയിലെ ശ്രമകരമായ ബോധവൽക്കരണം വഴി വളർത്തിയെടുക്കുകയാണ് എറണാകുളത്തെ സാക്ഷരതാ പ്രവർത്തകർ ആദ്യം ചെയ്തത്. അതേസമയം സാക്ഷരത തങ്ങളുടെ ജീവിതത്തേയും സമൂഹത്തിൽ തങ്ങൾക്കുള്ള സ്ഥാനത്തേയും മെച്ചപ്പെടുത്തുമെന്ന ബോ-

ധം, നിരന്തരമായ ബന്ധപ്പെടലുകളിൽ കൂടി നിരക്ഷരരിലും ഉളവാക്കാൻ ശ്രമിച്ചു. നിരന്തരമായ പ്രചാരണ ബോധവല്ക്കരണ ശ്രമങ്ങൾ വഴി നിരക്ഷരരുടെ ആവശ്യബോധവും അവരിൽ സാക്ഷരവിഭാഗത്തിൻെറ സാമൂഹ്യസമ്മർദ്ദവും വളർത്തിയെടുക്കാനുള്ള സംഘടിതശ്രമമാണ് എറണാകുളം ജില്ലാ സമ്പൂർണസാക്ഷരതാ പദ്ധതിയുടെ മുഖ്യസവിശേഷത. ആരംഭം മുതൽ പരിപാടിയുടെ സമാപനം വരെ നിരന്തരമായി നടത്തിക്കൊണ്ടിരിക്കേണ്ട ഒരു തുടർപ്രക്രിയയാണീ പ്രചരണബോധവല്ക്കരണ പ്രവർത്തനം.

നിരക്ഷരതാ നിർമാർജനത്തിൻെറ സാമൂഹ്യപ്രാധാന്യം വ്യക്തമാക്കിക്കൊണ്ട് പഠിച്ചവനേയും പഠിക്കാത്തവനേയും ഒരുപോലെ ഈ പരിപാടിയുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള ഒരു സമീപന രീതിയാണ് ജില്ലയിലെ സാക്ഷരതാപ്രവർത്തകർ ആദ്യം മുതല്ക്കേ അവലംബിച്ചത്. ആളുകളെ അക്ഷരം പഠിപ്പിക്കുന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസത്തിനു സ്ഥാനമില്ല. ജാതിമത രാഷ്ട്രീയ ഭേദമന്യെ എറണാകുളം ജില്ലയിലെ ഏതൊരു സംഘടനയ്ക്കും പ്രസ്ഥാനത്തിനും സ്ഥാപനത്തിനും ഈ പദ്ധതിക്കുവേണ്ടി എന്തെങ്കിലും സംഭാവന ചെയ്യാൻ കഴിയും. പള്ളിക്കൂടം വിദ്യാർഥികൾ മുതൽ ഭരണാധികാരികൾ വരെയുള്ള ഏവർക്കും ഇതിൻെറ നടത്തിപ്പിൽ തങ്ങളുടെതായ രീതിയിൽ പങ്കാളികളാവാൻ കഴിയും. അതുണ്ടായിട്ടുമുണ്ട്. എറണാകുളം ജില്ലയിലെ അഞ്ചേകാൽ ലക്ഷത്തോളം വരുന്ന വിദ്യാർഥികളും അവരുടെ അധ്യാപകരും ആഗസ്റ്റ് 10-ാം തീയതി, സാക്ഷരതാക്ലാസിൽപ്പോകുന്ന രക്ഷിതാക്കൾക്കഭിവാദ്യമർപ്പിച്ചുകൊണ്ട് സാക്ഷരതാപ്രതിജ്ഞയെടുക്കുകയും തങ്ങളുടെ സ്ഥാപനങ്ങളെ ആസ്ഥാനമാക്കിക്കൊണ്ട് സാക്ഷരതാറാലി സംഘടിപ്പിക്കുകയും ചെയ്തത് ഈ പങ്കാളിത്തത്തിനുദാഹരണമാണ്. പഠിതാക്കൾക്ക് പഠനോപകരണങ്ങൾ വാങ്ങിക്കൊടുക്കുന്നതിൽ മൽസ്യത്തൊഴിലാളി സ്ത്രീകൾ മുതൽ ഫാക്ടറിയുടമവരെ തങ്ങളുടേതായരീതിയിൽ സംഭാവന നല്കിയിട്ടുണ്ട്. കോത്താരിക്കമ്മീഷൻ റിപ്പോർട്ടിൽ പ്രാധാന്യത്തോടെ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ സമൂഹത്തിൻെറ മുഴുവൻ ശ്രദ്ധയും മുഴുവൻ ഇച്ഛാശക്തിയും കേന്ദ്രീകരിച്ചാൽ മാത്രം നേടാൻ കഴിയുന്ന ഒന്നാണ് സമ്പൂർണ്ണസാക്ഷരത.

എറണാകുളത്തെ സമ്പൂർണ സാക്ഷരതാപദ്ധതിയുടെ മറ്റു പ്രത്യേകതകൾ താഴെ കൊടുക്കുന്നു:

1. ജില്ലയിലെ മുഴുവൻ നിരക്ഷരരേയും കണ്ടെത്താൻ കഴിയുന്ന സമഗ്രവും ശാസ്ത്രീയവുമായ സർവ്വെ.

2. ഒരൊറ്റ നിരക്ഷരനും ഒഴിഞ്ഞു മാറാനാകാത്ത വിധത്തിൽ സംഘടനാപരമായ പൂർണത.
3. പഠിതാവിന് ആവശ്യബോധവും താല്പര്യവും നിലനിർത്താൻ കഴിയുന്നവിധം പാഠ്യപുസ്തകങ്ങളിലെ ജീവിതഗന്ധിയും ചലനാത്മകവുമായ ഉള്ളടക്കവും പഠനരീതിയും.
4. ദക്ഷതകൂടിയ അടുപ്പ്, രോഗ പ്രതിരോധം തുടങ്ങിയ വികസന പ്രവർത്തനങ്ങളുമായി സാക്ഷരതാപരിപാടിയെ ബന്ധപ്പെടുത്തൽ. സാക്ഷരതയ്ക്ക് വേണ്ടിയുള്ള അതേ സംഘടനാ സംവിധാനത്തിൻെറ സഹായത്തോടെ ജില്ലയിൽ സമ്പൂർണരോധപ്രതിരോധ പരിപാടി നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുകയാണ്.
5. പരിപാടിയുടെ നടത്തിപ്പിൽ ഗവൺമെൻറ്, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ, സാമൂഹ്യസാംസ്കാരിക പ്രസ്ഥാനങ്ങൾ എന്നിങ്ങനെ എല്ലാ വിഭാഗത്തിൻെറയും പങ്കാളിത്തം.
6. പദ്ധതിയുടെ വിലയിരുത്തലിനും ക്ലാസുകളുടെയും പഠിതാക്കളുടെയും മൂല്യനിർണയത്തിനും വേണ്ട ശാസ്ത്രീയമായ ഏർപ്പാടുകൾ.

## പ്രവർത്തനപരിപാടി

മുകളിൽപ്പറഞ്ഞ പ്രത്യേകതകൾ ഉൾക്കൊണ്ടുകൊണ്ട് എറണാകുളം ജില്ലയിലെ സമ്പൂർണസാക്ഷരതായജ്ഞം വിജയിപ്പിക്കാൻ എട്ടുവിധത്തിലുള്ള പ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തു നടപ്പാക്കിക്കൊണ്ടിരിക്കുന്നത്.

## 1. അഞ്ചേകാൽലക്ഷം കുട്ടികളുടെ റാലി

പ്രചാരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ: കഴിഞ്ഞ ജനുവരി 21ന് എറണാകുളം ജില്ലയുടെ അഞ്ച് ഭാഗങ്ങളിൽ നിന്നാരംഭിച്ച കാൽനട ജാഥകളോടെ തുടക്കം കുറിക്കപ്പെട്ട പ്രചാരണ ബോധവല്കരണ പ്രവർത്തനങ്ങൾ, ബഹുഭൂരിപക്ഷം നിരക്ഷരരും സാക്ഷരതാ ക്ലാസുകളിലെത്തി പഠനം നടത്തിക്കൊണ്ടിരിക്കുന്ന ഈ സന്ദർഭത്തിലും തുടർന്നുകൊണ്ടാരിക്കുന്നു. സമൂഹത്തിൻെറ ശ്രദ്ധയും താല്പര്യവും നിലനിർത്തിക്കൊണ്ടല്ലാതെ സാക്ഷരതാപ്രവർത്തനങ്ങൾക്കു വിജയംവരിക്കാൻ കഴിയില്ലെന്നതാണ്, നിരന്തരമായ പ്രചാരണ ബോധവല്ക്കരണ പ്രവർത്തനങ്ങൾക്കാസ്പദമായ വസ്തുത. സാക്ഷരതായജ്ഞത്തോടനുബന്ധിച്ച് നടത്തിയ മുഴുവൻ കാംപെയിൻ പരിപാടികളും ഈ വസ്തുത മനസ്സിൽവെ

ച്ചു കൊണ്ടാണ് ആസൂത്രണം ചെയ്തത്. പതിവിൻ പടിയുള്ള ലഘുലേഖ, പത്രവാർത്തകൾ, നോട്ടീസുകൾ, സ്ലൈഡുകൾ എന്നിവയ്ക്കു പുറമേ പതിനായിരക്കണക്കിനു പ്രവർത്തകരെ പങ്കാളികളാക്കിക്കൊണ്ടു നട ത്തിയ പ്രചാരണബോധവല്കരണ പരിപാടികളായിരുന്നു അക്ഷരകലാ ജാഥ, സാക്ഷരതാപദയാത്ര, വിദ്യാർത്ഥികളുടെ റാലി എന്നിവ. ബഹുജന പങ്കാളിത്തത്തോടെ ഓരോ പ്രോജക്റ്റ് ഏരിയായിലും സംഘടിപ്പിച്ച ഇൻസ്ട്രക്റ്റർമാരുടെ പരിശീലന ക്യാമ്പുകളും, അമ്പതിനായിരത്തിലധി കം പ്രവർത്തകർ പങ്കെടുത്ത സാക്ഷരതാസർവ്വെയും, സമ്പൂർണ സാക്ഷ രതായജ്ഞത്തിൻെറ സന്ദേശം ഓരോ വീട്ടിലുമെത്തിക്കാൻ കുറച്ചൊന്നു മല്ല സഹായിച്ചത്. സാക്ഷരതായജ്ഞം സമാപിക്കുന്നതുവരെ, ഓരോ ഘട്ടത്തിലും വൻതോതിലുള്ള ബോധവല്കരണ കാംപെയ്നുകൾ ആവ ശ്യമായിവരും.

## 2. തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നേതൃത്വം

വിഭിന്നതലത്തിലുള്ള സംഘടനാ പ്രവർത്തനം: എറണാകുളം ജില്ലാ കളക്ടർ ശ്രീ കെ.ആർ. രാജൻ അധ്യക്ഷനായുള്ള ജില്ലാ ലിറ്ററസി സൊസൈറ്റിയാണ് ജില്ലയിലെ സാക്ഷരതാപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കുന്നത്. ഈ കമ്മിറ്റിയിൽ എം.എൽ.എമാർ, എം.പിമാർ, തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ പ്രതിനിധികൾ, ഉദ്യോഗസ്ഥന്മാർ, സന്നദ്ധ സംഘടനകളുടെ പ്രതിനിധികൾ, പൗരമുഖ്യർ എന്നിവർ അംഗങ്ങളാണ്. ജില്ലയെ നിരക്ഷരരുടെ എണ്ണത്തിനനുസരിച്ച് ഇരുപത് പ്രോജക്റ്റ് ഏരി യായായിത്തിരിച്ചിരിക്കുന്നു. ഓരോ പ്രോജക്റ്റ് ഏരിയായിലേയും പ്രവർ ത്തനങ്ങൾക്ക് നേതൃത്വം വഹിക്കുന്നത് ഒരു അസിസ്റ്റൻറ് പ്രോജക്റ്റ് ഓഫീസറാണ്. പ്രോജക്റ്റ് ഏരിയായിലെ പഞ്ചായത്തുകളിലേയും മുനി സിപ്പാലിറ്റികളിലെയും സാക്ഷരതാപ്രവർത്തനങ്ങൾക്കു നേതൃത്വം നല്കു ന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ മേധാവികൾ അധ്യക്ഷനായുള്ള സാക്ഷരതാസമിതികളാകുന്നു. ഓരോ താലൂക്കിലെ യും പ്രവർത്തനങ്ങൾ കൂട്ടിയിണക്കാൻ ഓരോ ഡെപ്യൂട്ടികളക്റ്ററേയും പഞ്ചായത്തിലെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാൻ പഞ്ചായത്ത് കോ-ഓർഡിനേറ്ററെന്നനിലയിൽ ബി.ഡി.ഒ.വിൻെറ നിലവാരത്തിലുള്ള ഒരുദ്യോഗസ്ഥനേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. വാർഡുതലത്തിലുള്ള പ്രവർത്തനങ്ങൾക്ക്, ബന്ധപ്പെട്ട വാർഡുമെമ്പർ അധ്യക്ഷനായുള്ള വാർ ഡുതലക്കമ്മിറ്റികൾ നേതൃത്വം നൽകുന്നു. സാക്ഷരതാ പ്രവർത്തനത്തി ൻെറ ദൈനംദിന പരിപാടികൾ ആസൂത്രണം ചെയ്യുന്നത് ജില്ലാ ആസ്ഥാ

നത്തു പ്രവർത്തിക്കുന്ന കൺട്രോൾ റൂമാണ്. ഇവിടെ ഈ ചുമതലയുമായി ബന്ധപ്പെട്ട പ്രോജക്റ്റ് ഓഫീസർമാരും അസി. പ്രോജക്റ്റ് ഓഫീസർമാരുമുണ്ട്.

തികച്ചും ജനാധിപത്യപരമായ രീതിയിൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പങ്കാളിത്തവും മുൻകൈയുമുള്ള ഒരു സംഘടനാ സംവിധാനമാണ് എറണാകുളം ജില്ലാ സാക്ഷരതാപദ്ധതിയുടേത്. പഞ്ചായത്ത് സാക്ഷരതാ സമിതിയിൽ, ജനപ്രതിനിധികൾ ക്കു പുറമേ സന്നദ്ധസംഘടനകളുടെയും സാമൂഹ്യസംഘടനകളുടേയും പ്രവർത്തകർ അംഗങ്ങളാണ്. പഞ്ചായത്ത് മുനിസിപ്പാലിറ്റി തലങ്ങളിൽ, ജനപ്രതിനധികളും, ഉദ്യോഗസ്ഥന്മാരും, സാമൂഹ്യസംഘടനാപ്രവർത്തകരും സന്നദ്ധസംഘടനാപ്രതിനിധികളും കൂട്ടായ്മയോടെ നടത്തുന്ന പ്രവർത്തനം സാക്ഷരതാ പരിപാടികളെ വിജയിപ്പിക്കുന്നുവെന്നുമാത്രമല്ല, സാമൂഹ്യപ്രവർത്തനത്തിന് ഇതിനു മുമ്പ് ഒരിക്കലുമില്ലാതിരുന്ന ഒരു പുതിയ മാനവും ശൈലിയും നല്കുകകൂടിച്ചെയ്യുന്നുണ്ട്. പ്രവർത്തനരംഗത്തു നിന്നുരുത്തിരിഞ്ഞുവന്ന ഈ പുത്തൻ അനുഭവം മറ്റു രംഗങ്ങളിലേക്കും വ്യാപിപ്പിക്കാൻ കഴിഞ്ഞെങ്കിൽ.!

## 3. ആറു ലക്ഷം വീടുകളിൽ ഒരു ദിവസത്തെ സർവ്വെ:

സമഗ്രമായ സർവ്വെയും നിരക്ഷരരെക്കണ്ടുപിടിക്കലും: എറണാകുളം-ജില്ലയിൽ ആറുലക്ഷം കുടുംബങ്ങളിലായി 30 ലക്ഷം ആളുകളുണ്ട്. ഇവരിൽനിന്ന് 5-60 പ്രായപരിധിയിലുള്ള നിരക്ഷരരെക്കണ്ടു പിടിക്കുക ശ്രമകരവും ഏറെ സംഘടനാബലവും ആവശ്യമുള്ള പ്രവർത്തനമായിരുന്നു. സർവ്വെ നടത്താതെ മറ്റൊന്നും കഴിയില്ല. കഴിഞ്ഞ മാർച്ച് 18-ാം തീയതി ഒരൊറ്റ ദിവസം കൊണ്ട് ജില്ലയിലെ ആറുലക്ഷം വീടുകളിലും സർവ്വെ നടത്തി. ചുരുങ്ങിയത് 50000 പ്രവർത്തകരെങ്കിലും സാക്ഷരതാസർവ്വെ പ്രവർത്തനത്തിൽ പങ്കെടുത്തിട്ടുണ്ടായിരിക്കും. സമ്പൂർണസാക്ഷരതായജ്ഞം വിജയംവരിക്കുമെന്നതിൻെറ ആദ്യത്തെ പച്ചക്കൊടിയായിരുന്നു മാർച്ചിൽ നടന്ന ഏകദിനസർവ്വെ. സർവ്വെ പ്രകാരം ജില്ലയിൽ 5-60 പ്രായപരിധിയിൽപ്പെട്ട 185381 നിരക്ഷരരുണ്ട്. ഇവരിൽ 115952 പേർ സ്ത്രീകളും 69429 പേർ പരുഷന്മാരും. പ്രായപരിധിയനുസരിച്ച്, 118542 പേർ 36-60 കാരും, 56220 പേർ 15-35 കാരും 10619 പേർ 5-15 കാരുമാണ്. 5-15 പ്രായത്തിലുള്ള കുട്ടികളെ സ്കൂളിൽപ്പോകാൻ പ്രേരിപ്പിക്കുന്നു.

## 4. ആരോഗ്യകരമായ ജീവിതവീക്ഷണം

പാഠ്യപുസ്തകങ്ങളും പഠനസഹായികളും തയ്യാറാക്കൽ: മേയ് മാസം മുതൽ ഒക്ടോബർ വരെയുള്ള ഏതാനും മാസങ്ങൾക്കുള്ളിൽ ചുരുങ്ങി

യത് 150 മണിക്കൂറാണ് അധ്യാപനസമയമായി ലഭിക്കുക. ഈ സമയപരിധിക്കുള്ളിൽ നിരക്ഷരരുടെ മിനിമം ആവശ്യങ്ങൾ നേടാൻ പാകത്തിലാണ് പാഠ്യപദ്ധതിയും പാഠ്യപുസ്തകങ്ങളും അധ്യാപനസഹായികളും തയ്യാറാക്കിയിരിക്കുന്നത്. ഈ സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ട് അഞ്ചുനേട്ടങ്ങൾ കൈവരിയ്ക്കാൻ, പഠിതാക്കളെ സഹായിക്കലാണ്, ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള പാഠ്യപദ്ധതികൊണ്ടുദ്ദേശിക്കുന്നത്. 1. എഴുത്ത്, 2 വായന, 3. കണക്കു കൂട്ടാനുള്ള കഴിവ്, 4. പൊതുവിജ്ഞാനം, 5. ഗുണകരമായ പെരുമാറ്റ വ്യത്യാസം. ഇത്രയും കാര്യങ്ങളാണവ. എഴുതാനും വായിക്കാനും കണക്കുകൂട്ടാനുമുള്ള കഴിവ് ദേശീയസാക്ഷരതാമിഷൻ നിർദ്ദേശിക്കുന്ന അതേ നിലവാരത്തിലായിരിക്കും. എഴുത്തും വായനയും കണക്കുക്കൂട്ടലും പഠിപ്പിക്കുന്നതോടൊപ്പം, ആരോഗ്യകരമായ ഒരു ജീവിതവീക്ഷണവും സമകാലീനസമൂഹത്തിൽവകതിരിവോടെ ജീവിക്കാനാവശ്യമായ അറിവുകളും കഴിവുകളും നവസാക്ഷരർക്ക് നല്കുകയെന്നത് നമ്മുടെ സാക്ഷരതാ പരിപാടിയുടെ ഏറ്റവും പ്രാധനപ്പെട്ട ലക്ഷ്യമാകുന്നു. ചുരുങ്ങിയകാലത്തെ പഠനം ശാസ്ത്രബോധവും ആരോഗ്യകരമായ സാമൂഹ്യവീക്ഷണവും വളർത്തിയെടുക്കാൻ നവസാക്ഷരരെ സഹായിക്കണം. സാമ്പത്തിക സാംസ്കാരിക രംഗങ്ങളിലും വികസനപ്രവർത്തനങ്ങളിലും സ്വമനസ്സാലെ പങ്കളികളാവാനുള്ള അറിവും കഴിവും അവർ ആർജിച്ചിരിക്കണം. ഗുണകരമായ പെരുമാറ്റ വ്യത്യാസമെന്നത് ഏതൊരു വിദ്യാഭ്യാസ പ്രക്രിയയുടേയും അന്തഃസ്സത്തയാണ്. ഈ ലക്ഷ്യത്തോടെയാണ് പഠിതാക്കൾക്കു വേണ്ടിയുള്ള പാഠ്യപദ്ധതിയും പാഠ്യപുസ്തകങ്ങളും അധ്യാപനസഹായികളും ആസൂത്രണം ചെയ്തിരിക്കുന്നത്. പഠിതാക്കൾക്കുവേണ്ടി ഒരു റീഡറും വർക്ക്ബുക്കും, ഇൻസ്ട്രക്റ്റർമാർക്കായി ഏഴ് അധ്യാപനസഹായികളുമാണ് തയ്യാറാക്കിയിരിക്കുന്നത്. അക്ഷരവും വിവരങ്ങളും കുത്തിനിറയ്ക്കാനുള്ള ചാക്കുകളായിട്ടല്ല, നാം നിരക്ഷരരെക്കാണുന്നത്. "അക്ഷരം വരയ്ക്കാൻ" അറിയില്ലെന്ന പോരായ്മയൊഴിച്ചാൽ, നമ്മേക്കാൾ എത്രയോ അധികം ജീവിതാനുഭവങ്ങളുള്ളവർ, പഠിതാക്കളുടെ കൂട്ടത്തിലുണ്ട്. "ബോധവല്ക്കരിക്കുക" എന്ന പേരിൽ അവരിലേയ്ക്ക് വിവരങ്ങൾ അടിച്ചുകയറ്റുന്ന അധ്യാപന രീതിയല്ല നമ്മുടെ പഠന ക്ലാസുകളിൽ നിങ്ങൾക്ക് കാണാൻ കഴിയുക. മറിച്ച് പഠിതാക്കളുമായി അനുഭവങ്ങൾ പങ്കിടുന്നതിനും ചർച്ചകളും സംവാദങ്ങളും വഴി അക്ഷരവും അറിവും നേടുന്നതിൻെറ പ്രാധാന്യം ഉള്ളിൽത്തട്ടുന്നവിധം അവരെ ബോധപ്പെടുത്തുകയും അതു നേടാൻ അവരെ സഹായിക്കുകയും ചെയ്യുക—ഇതാണു ഞങ്ങളുടെ അധ്യാപന രീതി.

## 5. ഇരുപതിനായിരം ഇൻസ്ട്രക്റ്റർമാർ

### ഇൻസ്ട്രക്റ്റർമാരെ കണ്ടെത്തലും പരിശീലിപ്പിക്കലും

എറണാകുളത്തേതുപോലുള്ള ഒരു ബൃഹത് പരിപാടിയുടെ, ഏറ്റവും പ്രധാനപ്പെട്ടതും പ്രയാസമേറിയതുമായ ഭാഗമാണ് നിരക്ഷരരെ പഠിപ്പിക്കാനുള്ള അധ്യാപകരെ കണ്ടെത്തി പരിശീലിപ്പിച്ചെടുക്കൽ. പത്തു പഠിതാക്കൾക്ക് ഒരധ്യാപകനെന്ന കണക്കിൽ 185000 പേർക്ക് ചുരുങ്ങിയത് 18500 ഇൻസ്ട്രക്റ്റർമാരെങ്കിലും വേണം. കുറെപ്പേർ റിസർവ്വായും, ഒറ്റയ്ക്കുള്ള നിരക്ഷരരെ പഠിപ്പിക്കാനും ആവശ്യമായി വരും. ചുരുക്കത്തിൽ ഇരുപതിനായിരത്തിലധികം ഇൻസ്ട്രക്റ്റർമാരുണ്ടെങ്കിലേ എറണാകുളത്തെ സാക്ഷരതാപരിപാടി നടക്കൂ. ഏതെങ്കിലും ചിലർ പോരാ. കഴിവും പ്രതിബദ്ധതയുമുള്ളവർതന്നെ വേണം. സാക്ഷരതാക്ലാസിൻെറ ജീവൻ നാം ഇൻസ്ട്രക്റ്ററെന്നുവിളിക്കുന്ന അധ്യാപകനാണ്. അയാൾ ഒരു സംഘാടകനും സാമൂഹ്യപ്രവർത്തകനുമായിരിക്കണം. യാതൊരു പ്രതിഫലവും മോഹിക്കാതെ സമ്പൂർണ്ണ സാക്ഷരതായജ്ഞത്തിനുവേണ്ടി പ്രവർത്തിക്കൽ തങ്ങളുടെ കടമയാണെന്നു കരുതിത്തന്നെ അവർ വരണം. യാതൊരു പ്രതിഫലവും നല്കാതെ, സാക്ഷരതാക്ലാസുകൾ കൈകാര്യം ചെയ്യാൻ ഇത്രയേറെ അധ്യാപക രെ കിട്ടുമോ എന്ന ആശങ്ക ആദ്യമേ ഉണ്ടായിരുന്നു. എന്നാൽ അധ്യാപകപരിശീലന മടുത്തപ്പോൾ ആശങ്ക വെറുതെയാണെന്നു തെളിഞ്ഞു. അപൂർവ്വം പ്രോജക്റ്റ് ഏരിയകളിലൊഴികെ എല്ലായിടത്തും ആവശ്യത്തിനു വളണ്ടിയർ ഇൻസ്ട്രക്റ്റർമാരെക്കിട്ടി. കിട്ടാത്ത സ്ഥലങ്ങളിൽ സപ്ലിമെൻററി ട്രെയിനിങ്ങ് വഴി അവരെ പരിശീലിപ്പിച്ചു. ഇൻസ്ട്രക്റ്റർമാരിലധികവും സ്ത്രീകളാണ്. നിരക്ഷരരുടെ കൂട്ടത്തിൽ പുരുഷന്മാരുടെ ഇരട്ടിയോളം സ്ത്രീകളുള്ള സ്ഥിതിക്ക് ഇതാവശ്യവുമാണ്. ഏപ്രിൽ അവസാനം മുതൽ മേയ് 15 വരെയുള്ള ദിവസങ്ങളിൽ എല്ലാ പ്രോജക്റ്റ് ഏരിയകളിലും ഇൻസ്ട്രക്റ്റർമാരുടെ പരിശീലനം നടന്നു. ഇതിനുള്ള ചെലവ് ബന്ധപ്പെട്ട പ്രദേശങ്ങളിലെ വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും സംഭാവനപിരിച്ചാണ് നടത്തിയത്. സാക്ഷരതയ്ക്കുവേണ്ടി വൻതോതിൽ ബഹുജനപങ്കാളിത്തം എങ്ങനെ ആർജിക്കാമെന്നതിൻെറ ഉത്തമോദാഹരണങ്ങളായിരുന്നു ഇൻസ്ട്രക്റ്റർമാരുടെ പരിശീലന ക്യാമ്പുകൾ. മാസ്റ്റർ ട്രെയിനർമാരാണ് ഇൻസ്ട്രക്റ്റർമാരെ പരിശീലിപ്പിച്ചത്. അവരുടെ സംഖ്യ ഇപ്പോൾ, വാർഡിന് ഒരാളെന്ന കണക്കിൽ 1100 ആണ്. ഇൻസ്ട്രക്റ്റർമാരെ പരിശീലിപ്പിച്ചെടുക്കുന്നതിനു പുറമെ അവരുടെ ക്ലാസുകൾക്കു നേതൃത്വം നല്കാനുള്ള ചുമതലയും മാസ്റ്റർട്രെയിനർമാർക്കുണ്ട്. 20-30 ക്ലാസുകൾ ഒറ്റയ്ക്ക് സൂപ്പർവൈസ്

ചെയ്യുന്ന മാസ്റ്റർ ട്രെയിനർമാരുണ്ട്. ഇരുകൂട്ടരും യാതൊരു പ്രതിഫലേച്ഛയും കൂടാതെ സമ്പൂർണ്ണസാക്ഷരതായജ്ഞത്തിന്റെ വിജയത്തിനായി ഉത്സാഹപൂർവ്വം പ്രവർത്തിക്കുന്നു.

## 6. പതിനെണ്ണായിരം സാക്ഷരതാക്ലാസുകൾ

മേയ് 1-ാം തീയതിതന്നെ സാക്ഷരതാക്ലാസുകൾ ആരംഭിച്ചു. ധനകാര്യമന്ത്രി ശ്രീ വിശ്വനാഥമേനോനാണ് മട്ടാഞ്ചേരിയിൽവെച്ച് ക്ലാസുകളുടെ ഔപചാരികമായ ഉൽഘാടനം നിർവ്വഹിച്ചത്. ജില്ലയിലാകെ ഇപ്പോൾ 18000 സാക്ഷരതാക്ലാസുകൾ നടക്കുന്നുണ്ട്. സ്ഥലത്തില്ലാത്തവർ, രോഗികൾ മറ്റുകാരണങ്ങളാൽ ക്ലാസിലെത്താൻ വൈമനസ്യം കാട്ടുന്നവർ എന്നിങ്ങനെ അപൂർവ്വം പേരൊഴികെ മറ്റുള്ളവരെല്ലാം സാക്ഷരതാക്ലാസുകളിലെത്തിക്കഴിഞ്ഞു. മേയ് മാസത്തിലും ജൂണിലും ജൂലായ് മാസത്തിൽപ്പോലും ആരംഭിച്ച ക്ലാസുകളുണ്ട്. സമയവ്യത്യാസമനുസരിച്ച് അവരുടെ പുരോഗതി വിഭിന്ന രീതിയിലാണ്. സ്ത്രീകളാണ് പഠിതാക്കളിൽ ബഹുഭൂരിപക്ഷവും. എറണാകുളത്തെ സാക്ഷരതാക്ലാസുകളിൽ കൊഴിഞ്ഞുപോക്ക് കുറവാണ്. പാവപ്പെട്ടവരിൽ മിക്കവരും ക്ലാസുകളിൽ എത്തിക്കഴിഞ്ഞു. 50 വയസ്സിലേറെ പ്രായമുള്ള ഇടത്തരക്കാരാണ് അറച്ചുനില്ക്കുന്നവർ. അവരെ ഒരാൾ ഒരാൾ എന്ന രീതിയിൽ പഠിപ്പിക്കാനാണുദ്ദേശിക്കുന്നത്.

വളരെ താല്പര്യപൂർവ്വമുള്ള പ്രതികരണമാണ് മിക്കപഠിതാക്കളിൽനിന്നും സാക്ഷരതാക്ലാസുകളെക്കുറിച്ചുണ്ടാകുന്നത്. ഇത് തങ്ങളുടെ ഒരാവശ്യമാണെന്ന തോന്നൽ അവരിൽ ഭൂരിപക്ഷത്തിനും ഉണ്ടായിട്ടുണ്ട്. അതായിരിക്കണം, കൊഴിഞ്ഞുപോക്ക് കുറയാനുള്ള കാരണം. പഠിതാക്കൾക്കാവശ്യമുള്ള ബോർഡ്, സ്ലേറ്റ്, വിളക്കിനു മണ്ണെണ്ണ എന്നിവ പ്രാദേശികമായ സഹകരണത്തോടെയാണ് ലഭ്യമാക്കിയത്. ഒട്ടനവധി പഠിതാക്കൾ, തങ്ങൾക്ക് എന്തുകൊണ്ടോ നഷ്ടപ്പെട്ടുപോയ അവസരം തിരിച്ചുകിട്ടിയതിലുള്ള സംതൃപ്തിയിലാണ്. പോങ്ങിൻചോട് ആദിവാസികോളനി, പള്ളുരുത്തിയിലെ അനാഥാലയം എന്നിവിടങ്ങളിൽ തുടങ്ങിയ സാക്ഷരതാക്ലാസുകൾ പ്രത്യേകം ശ്രദ്ധേയമാണ്. പഠിതാക്കൾക്ക് കണ്ണട വിതരണം പ്രവർത്തനത്തിനിടയ്ക്കുവന്നുചേർന്ന ഒരു ബാധ്യതയാണ്. 40 വയസ്സ് കഴിഞ്ഞവർക്ക് വെള്ളെഴുത്തുകാരണം വായിക്കാൻ പ്രയാസം. അത്തരക്കാരാണ് പഠിതാക്കളിൽ അധികംപേരും. കണ്ണുപരിശോധന നടത്തി 70000 പേർക്ക് കണ്ണട വിതരണം ചെയ്തുവരികയാണ്.

## 7. വിലയിരുത്തൽ

ആളുകളെ പേരെഴുതി ഒപ്പിടാൻ മാത്രം പഠിപ്പിക്കുന്ന "എണ്ണം തികയ്ക്കൽ സാക്ഷരത" എറണാകുളം ജില്ലാ സമ്പൂർണ്ണ സാക്ഷരതാപദ്ധതിയുടെ അജണ്ടയിലില്ല. എന്തെല്ലാം കാര്യങ്ങളാണ് പഠിപ്പിക്കാനുദ്ദേശിച്ചത്, അവയെല്ലാം പഠിതാക്കൾ ആർജ്ജിച്ചുവെന്ന് ബോധ്യപ്പെടുത്താൻ കഴിയുന്ന നിലയ്ക്കേ ഈ പരിപാടി സമാപിക്കുകയുള്ളു. ലക്ഷ്യമായുദ്ദേശിക്കുന്ന കാര്യങ്ങൾ നേടുന്നുണ്ടോ എന്നതിന് ഇൻസ്ട്രക്റ്റർമാരുടെയും മാസ്റ്റർ ട്രെയിനർമാരുടെയും നേതൃത്വത്തിൽ, മൂല്യനിർണ്ണയം നടക്കുന്നുണ്ട്. മൂല്യനിർണ്ണയം നടത്താനുള്ള പരിശീലനമായിരുന്നു ഇൻസ്ട്രക്റ്റർമാരുടെ രണ്ടാംഘട്ട പരിശീലനത്തിലെ മുഖ്യപരിപാടി. പൂർണ്ണമായ മൂല്യനിർണ്ണയം നടത്തി ബോധ്യപ്പെട്ടതിനുശേഷമേ പഠിതാക്കൾ സാക്ഷരരായെന്നു പ്രഖ്യാപിക്കാനുദ്ദേശിക്കുന്നുള്ളു. സെപ്റ്റംബർ രണ്ടാം വാരം മുതൽ മൂല്യനിർണയം ആരംഭിക്കും.

## 8. ജനശിക്ഷണനിലയങ്ങൾ:

ഒക്ടോബർ മാസത്തോടെ ഒരു തീവ്രയത്നപരിപാടിയെന്ന നിലയിലുള്ള സമ്പൂർണ്ണ സാക്ഷരതാപ്രവർത്തനം സമാപിക്കുമെങ്കിൽത്തന്നെ, പഠിതാക്കളും ഇൻസ്ട്രക്റ്റർമാരും തമ്മിലുള്ള ബന്ധം അതോടെ അവസാനിക്കുന്നില്ല. ഇങ്ങനെ ബന്ധം അവസാനിപ്പിച്ചേടത്തൊക്കെ, ഒരിക്കൽ സാക്ഷരരായ പഠിതാക്കൾ, പിന്നെയും നിരക്ഷരരായിത്തീർന്ന അനുഭവങ്ങളുണ്ട്. അതുകൊണ്ടുതന്നെയാണ്, പഠനാനന്തരപരിപാടിയെന്ന നിലയിൽ ഓരോ പഞ്ചായത്തിലും ഓരോ ജനശിക്ഷണ നിലയം സ്ഥാപിക്കാനുദ്ദേശിക്കുന്നതും. ജനശിക്ഷണനിലയങ്ങളുടെ നേതൃത്വത്തിലുള്ള ക്ലാസുകളും ഒത്തുകൂടലുകളും യോഗങ്ങളുമൊക്കെ, നവസാക്ഷരരെ തുടർവിദ്യാഭ്യാസം ചെയ്യിക്കാനുള്ള പരിപാടികളാണ്. ജനശിക്ഷണനിലയങ്ങളുടെയും സാക്ഷരതാപ്രവർത്തകരുടെയും സേവനം, നവസാക്ഷരർക്ക് കുറേക്കാലത്തേക്കുകൂടി ലഭിച്ചുകൊണ്ടിരിക്കും.

## എറണാകുളത്തുനിന്ന് കേരളത്തിലേയ്ക്ക്

എറണാകുളത്തെ സാക്ഷരരുടെ പഠനപരവും കലാസാംസ്കാരിക വുമായ കഴിവുകൾ പ്രദർശിപ്പിച്ചുകൊണ്ടാണ് ഈ വർഷത്തെ ലോക സാക്ഷരതാ ദിനം നാം ആഘോഷിക്കുക. വാർഡു തലത്തിലുള്ള കലാസാംസ്കാരിക മേളകളിൽപ്പോലും നൂറുകണക്കിനു പഠിതാക്കളുടെ ഉത്സാഹപൂർവ്വമുള്ള പങ്കാളിത്തമാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. നാ

ളിതുവരെ, ഒരു ചെറിയ ജനക്കൂട്ടത്തെ അഭിമുഖീകരിക്കാനോ, തങ്ങളുടെ അഭിപ്രായം നാലുപേരുടെ മുന്നിൽ പ്രകടിപ്പിക്കാനോ കഴിയാത്തവർ, കലാ സാംസ്കാരിക മേളയ്ക്കായി സജ്ജമാക്കിയ വേദികളിൽ നിന്ന് തങ്ങളുടെ കഴിവുകൾ പ്രസംഗങ്ങളായും, പാട്ടുകളായും, നാടൻ കലകളായും ലോകസമക്ഷം അവതരിപ്പിക്കാൻ ഉത്സാഹം കാണിക്കുന്നത്, സാക്ഷരതയിൽക്കൂടി വളർന്ന് വരുന്ന ഒരു പുതിയ സാംസ്കാരികാന്തരീക്ഷത്തിൻെറ നാന്ദിയാണ്. ഗുണകരമായ ഈ മാറ്റം ഇവിടുത്തെ നവസാക്ഷരരിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. അവരോടു ബന്ധപ്പെട്ടവരിലേക്കും ഇതു വ്യാപിക്കും.

എറണാകുളം ജില്ലയെ ഇന്ത്യയിലാദ്യത്തെ സമ്പൂർണ്ണ സാക്ഷരതാ ജില്ലയാക്കി മാറ്റാനുള്ള പരിശ്രമം വിജയിച്ചുകൊണ്ടിരിക്കുന്നു. ഇതൊരു പരീക്ഷണമാണ്. ഇത്രയും ചുരുങ്ങിയ സമയം കൊണ്ട്, ഒരു ജില്ലയിലെ മുഴുവൻ നിരക്ഷരരേയും സാക്ഷരരാക്കാൻ വേണ്ടി നടത്തുന്ന പരീക്ഷണം. സമീപനത്തിലും ഉള്ളടക്കത്തിലും എറണാകുളത്തെ സാക്ഷരതാ പ്രവർത്തനം, നിലവിലുള്ള വയോജനവിദ്യാഭ്യാസ പരിപാടികളിൽ നിന്നും വിഭിന്നമാണെന്ന് ഞങ്ങൾ കരുതുന്നു:

ഒന്നാമതായി, ഇത് ഒരു ജനകീയ പദ്ധതിയാണ്.

സാമൂഹ്യസാംസ്കാരിക സംഘടനകളും രാഷ്ട്രീയ പ്രവർത്തകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമൊക്കെ, സമ്പൂർണ്ണ സാക്ഷരതാ യജ്ഞത്തിൽ പങ്കാളിത്തം വഹിക്കുന്നതുകൊണ്ടു മാത്രമല്ല, ഇതിനെ ജനകീയ പരിപാടിയെന്നു വിളിക്കുന്നത്. പതിനായിരക്കണക്കിനു പ്രവർത്തകരുടെ സ്വാർത്ഥരഹിതമായ കഠിനാദ്ധ്വാനം കൊണ്ടാണ് ഈ പ്രസ്ഥാനം മുന്നോട്ടു നീങ്ങുന്നത്. ഇവരുടെ കൂട്ടത്തിൽ ഇരുപതിനായിരത്തിലധികം ഇൻസ്ട്രക്ടർമാരുണ്ട്, ആയിരത്തിലധികം മാസ്റ്റർ ട്രെയിനർമാരുണ്ട്, അത്രയും വാർഡുതല ജോയിൻറ് കൺവീനർമാരുണ്ട്. ആയിരക്കണക്കിനു മറ്റു സാക്ഷരതാ പ്രവർത്തകരുണ്ട്. സമൂഹത്തിൻെറ വിഭിന്ന തലങ്ങളിൽ നിന്നുവരുന്ന 50000 ആളുകൾ കഴിഞ്ഞ ഏതാനും മാസങ്ങളായി, എറണാകുളത്തെ സാക്ഷരതാ പ്രസ്ഥാനത്തിൻെറ വിജയത്തിനുവേണ്ടി പണിയെടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്പറഞ്ഞവരിലാരും തന്നെ ഒരു പൈസ പോലും പ്രതിഫലം പറ്റുന്നവരല്ല. മാത്രമല്ല, ഇവരുടെയൊക്കെ ശ്രമംകൊണ്ട്, ദേശീയ സാക്ഷരതാ മിഷൻ അനുവദിച്ചതിനേക്കാൾ അനേകം മടങ്ങ് തുക, വാർഡ് തലത്തിലും പഞ്ചായത്ത് തലത്തിലും പ്രോജക്ട് ഏരിയാതലത്തിലുമൊക്കെയുള്ള സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഇതിനകം ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. ഈ പണമെല്ലാം നാട്ടിലെ ജനങ്ങൾ നൽകിയതാണ്. ഇത്രയധികം പേരുടെ അധ്വാനവും പങ്കാളിത്തവുമാണ് ഇതിനെ ജനകീയ പദ്ധതിയാക്കുന്നത്. സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി ഡെപ്യൂട്ടേഷനിൽ വന്ന ഏതാനും അധ്യാപകരും ഉദ്യോഗസ്ഥന്മാരുമുണ്ട്. അവരുടെ സംഖ്യ 30ൽ കവിയില്ല. സ്വന്തം മാതൃകാ

സ്ഥാപനങ്ങളിൽ ചെയ്യുന്നതിന്റെ **മൂന്നിരട്ടിജോലി** സാക്ഷരതയ്ക്കുവേണ്ടി എടുക്കേണ്ടി വന്നിട്ടും, **അവരിലാരും** ഡെപ്യൂട്ടേഷൻ അലവൻസു വാങ്ങുന്നില്ല. ആപ്പീസുകളിൽ സ്വന്തം ഔദ്യോഗിക കൃത്യം നിർവ്വഹിച്ചു കഴിഞ്ഞതിനുശേഷം സാക്ഷരതയ്ക്കുവേണ്ടി നെട്ടോട്ടമോടുന്ന അനേകം സർക്കാരുദ്യോഗസ്ഥന്മാർ എറണാകുളത്തുണ്ട്. ഇതിനുവേണ്ടി, ഒരു നല്ല കാര്യം ചെയ്യുന്നതിലുള്ള സംതൃപ്തിയൊഴികെ മറ്റൊരു പ്രതിഫലവും അവർക്കു ലഭിക്കുന്നില്ല.

● രണ്ടാമതായി, ഏവരും അംഗീകരിക്കുന്ന ഒരു പൊതുലക്ഷ്യത്തിനുവേണ്ടി, സ്ഥാനമഹിമയും വലിപ്പച്ചെറുപ്പവും വകവെയ്ക്കാതെ, സർക്കാരുദ്യോഗസ്ഥന്മാരും, സാമൂഹ്യപ്രവർത്തകരും, സന്നദ്ധസംഘടനാ പ്രവർത്തകരും ഒത്തൊരുമിച്ചു രംഗത്തിറങ്ങി പ്രവർത്തിക്കുന്ന അഭികാമ്യമായ ഒരു പ്രവർത്തനശൈലി സാക്ഷരതയുടെ പേരിൽ ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്.

ഒരു നല്ല കാര്യത്തിനുവേണ്ടി യോജിച്ചു പ്രവർത്തിക്കാൻ, ഔദ്യോഗികവും രാഷ്ട്രീയവും, ആചാരപരവുമായ പരിമിതികൾ തടസ്സമല്ലെന്ന് സാക്ഷരതയ്ക്കുവേണ്ടി രൂപംകൊണ്ട സംഘാടക സമിതികൾ തെളിയിക്കുന്നു. ഓരോ പഞ്ചായത്തിലും ഇൻസ്ട്രക്ടർമാരടക്കം നൂറുകണക്കിനു സാക്ഷരതാ പ്രവർത്തകരടങ്ങുന്ന ഒരു സംഘം ഇന്നുണ്ട്. സാക്ഷരതാ പ്രവർത്തനത്തിനിറങ്ങിയ ഇൻസ്ട്രക്ടർമാരിൽ 13000 പേർ സ്ത്രീകളാണ്.

● മൂന്നാമതായി, സാക്ഷരതാ പ്രവർത്തനങ്ങളുടെ പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലങ്ങളിലുള്ള നേതൃത്വം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കായത്, ഈ പരിപാടിക്ക് അനൗപചാരിക പ്രവർത്തനങ്ങളുടെ ഉശിരും ഉണർവ്വും ഔദ്യോഗിക കൃത്യങ്ങളുടെ ചിട്ടയുംപോലും ഒരേ സമയം പ്രദാനം ചെയ്യുന്നു.

● നാലാമതായി, ഒരു വമ്പിച്ച ബഹുജനപ്രസ്ഥാനമായിട്ടല്ലാതെ, ആരാരുമറിയാതെ, എവിടെയെങ്കിലും നടത്തുന്ന ഒറ്റപ്പെട്ട പ്രവർത്തനമെന്ന നിലയിൽ സാക്ഷരതാ പരിപാടി വിജയിപ്പിക്കാൻ കഴിയില്ലെന്നാണ്, എറണാകുളത്തു നിന്നും ഞങ്ങൾക്കു ലഭിച്ച അനുഭവം തെളിയിക്കുന്നത്.

നിരന്തരമായി നടത്തുന്ന വൈവിധ്യമാർന്ന പ്രചാരണബോധവല്ക്കരണ പരിപാടികളും കാമ്പെയിൻ പ്രവർത്തനങ്ങളും വഴി, ആർക്കും സമ്പൂർണ്ണ സാക്ഷരതാ പ്രസ്ഥാനത്തിൽ നിന്നൊഴിഞ്ഞു നില്ക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കണം. ആർക്കും ഈ പരിപാടിയുമായി ഏതെങ്കിലും വിധത്തിൽ സഹകരിക്കാൻ കഴിയും. സ്വന്തം കുടുംബത്തിലെ പഠിതാക്കളെ സാക്ഷരതാ ക്ലാസ്സിൽപ്പോവാൻ ഫലപ്രദമായി പ്രേരണ ചെലുത്തിയ എത്രയോ വിദ്യാർത്ഥികൾ ഇവിടെയുണ്ട്. രാഷ്ട്രീയപ്പാർട്ടികളുടെയും ട്രേഡ്‌യൂണിയനുകളുടേയും നേതാക്കൾക്കും യുവജനസംഘടനാ പ്രവർത്തകർക്കും മഹിളാസംഘം ഭാരവാഹികൾക്കുമെല്ലാം സ്വന്തം പ്രവർത്തകരെ സാക്ഷരതാ പ്രസ്ഥാനവുമായി ബന്ധപ്പെടുത്താൻ മറ്റാരേക്കാൾ എളുപ്പമാണല്ലോ. ജാതിമത സംഘടനകൾക്കുപോലും ഇതിൽ

അപ്രധാനമല്ലാത്ത പങ്കുവഹിക്കാൻ കഴിയും.

എറണാകുളം ജില്ല കേരളത്തിൽ ഉയർന്ന സാക്ഷരതയുള്ള പ്രദേശങ്ങളിലൊന്നാണ്. മലപ്പുറത്തും, പാലക്കാട്ടും വയനാട്ടിലുമൊക്കെ ഇവിടുത്തേക്കാളധികം നിരക്ഷരരുണ്ട്. സമ്പൂർണ്ണ സാക്ഷരത എന്ന ആശയത്തിന് കേരളത്തിലെ മറ്റു ജില്ലകളിലും പ്രചാരം കിട്ടിവരുന്നത് സ്വാഗതാർഹമാണ്. ഇന്ത്യയിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരത കൈവരിക്കാൻ, ഇന്നത്തെ സാഹചര്യത്തിൽ ഏതെങ്കിലും സംസ്ഥാനത്തിനു കഴിയുമെങ്കിൽ അതു കേരളത്തിനാണ്. അതിനു സഹായകമായ ഒരു സാമൂഹ്യാന്തരീക്ഷം പതുക്കെപ്പതുക്കെ രൂപം കൊണ്ടുവരുന്നുണ്ട്. ഈ രൂപപ്പെടലിന്റെ വേഗത വർധിപ്പിക്കണം. എറണാകുളത്തെ സാക്ഷരതാ പ്രവർത്തകർ നേടിയ അനുഭവ പാഠങ്ങൾ കുറെക്കൂടി മെച്ചപ്പെട്ട രീതിയിൽ മറ്റു ജില്ലകളിലെ സാക്ഷരതാ പ്രവർത്തനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്താം. കേരളത്തിലെ സാമൂഹ്യ രാഷ്ട്രീയ-സംഘടനകളും ബഹുജന പ്രസ്ഥാനങ്ങളും മനസ്സുവെച്ചുത്സാഹിച്ചാൽ സമ്പൂർണ്ണ സാക്ഷരതയെന്ന ആശയത്തിനു സാക്ഷാൽക്കാരം സിദ്ധിക്കാൻ യാതൊരു പ്രയാസവുമില്ല.

## സാക്ഷരതയുടെ ആവശ്യം ബോധ്യപ്പെടുത്തണം

വമ്പിച്ച ബഹുജനപ്രസ്ഥാനമെന്ന നിലക്കല്ലാതെ, കേരളത്തിലെന്നല്ല, ഇന്ത്യയിലെ ഒരു സംസ്ഥാനത്തിലും സാക്ഷരതാ പ്രവർത്തനം വിജയിക്കില്ല. ഈ പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളായി മാറേണ്ടവർക്ക് സാക്ഷരതയുടെ പ്രാധാന്യവും സാധ്യതകളും ബോധ്യപ്പെട്ടാൽ മാത്രമെ അത്തരമൊന്ന് ഇവിടെ രൂപം കൊള്ളുകയുള്ളൂ. ഈ ബോധ്യപ്പെടൽ വളരെ പ്രധാനമാണ്. സാക്ഷരതയെന്നത്, ആളുകളെ പേരെഴുതാൻ പഠിപ്പിക്കുന്ന, ഉശിരുകുറഞ്ഞ, ഒരു ദാനധർമ്മ പ്രവർത്തനമായി കാണരുത്. ലോകത്തിൽ ഇന്ന് ഏറ്റവും കൂടുതൽ നിരക്ഷരരുള്ള രാജ്യം ഇന്ത്യയാണ്. വിദ്യാസമ്പന്നരുടെ നാടായ നമ്മുടെ കേരളത്തിൽപ്പോലും നൂറിൽ ഇരുപത്തഞ്ചുപേർ അക്ഷരമറിയാത്തവരാണെന്ന കാര്യം മറക്കാതിരിക്കുക. ജനസമൂഹത്തിന്റെ നിരക്ഷരതയെ നാടിന്റെ ശാപവും നാണക്കേടുമായി മാത്രം കണ്ടാൽപോര. കോടിക്കണക്കിനെണ്ണം വരുന്ന അക്ഷരഹീനരുടെ പങ്കാളിത്തവും സഹകരണവുമില്ലാതെ, നാം ഗൗരവപൂർവ്വം പരിഗണിക്കുന്ന ഏതെങ്കിലും സാമൂഹ്യപ്രശ്നത്തിനു പരിഹാരം കാണാൻ കഴിയുമെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ? എണ്ണത്തിൽ കൂടുതൽ വരുന്ന അത്തരക്കാരെ ഒഴിച്ചുനിർത്തിക്കൊണ്ട് ആസൂത്രിത വികസനവും സാമൂഹ്യപുരോഗതിയും കൈവരിക്കാമെന്ന് ആരെങ്കിലും മോഹിക്കുന്നുണ്ടെങ്കിൽ, അതെന്തുജാതി പുരോഗതിയായിരിക്കും, ആരുടെ പുരോഗതിയായിരിക്കും? ബോധമില്ലാത്ത ജനങ്ങളെ വെച്ചുകൊണ്ട് എന്തു വികസനപ്രവർത്തനമാണ് നടക്കുക. ജനങ്ങളെ സംബന്ധിക്കുന്ന അടിസ്ഥാനപ്രശ്നങ്ങൾ ദാരിദ്ര്യവും തൊഴിലില്ലായ്മയും പാർപ്പിട പ്രശ്നവുമൊക്കെയാണെ

ന്നതിൽ സംശയമില്ല. എന്തുകൊണ്ടാണ് ഈ പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതിനുപകരം മൂർച്ഛിച്ചുകൊണ്ടിരിക്കുന്നതെന്ന് അക്ഷരശൂന്യതയുടെ അന്ധകാരത്തിൽപ്പെട്ടുഴലുന്നവർക്കറിയില്ല. ഇതിനെന്നെങ്കിലും പരിഹാരമുണ്ടാകുമോ എന്നുപോലും അവർക്കുറപ്പില്ല. സാക്ഷരത്വം നേടി സ്വന്തം ചുറ്റുപാടുളെക്കുറിച്ചും സമൂഹത്തെക്കുറിച്ചും സാമൂഹ്യപുരോഗതിയിൽ തങ്ങൾക്കുള്ള പങ്കിനെക്കുറിച്ചും ബോധമാർജിച്ച സ്ത്രീപുരുഷന്മാർക്കുമാത്രമേ, ഭൂരിപക്ഷത്തിനുവേണ്ടിയുള്ള വികസനപ്രവർത്തനങ്ങളിൽ പങ്കാളികളായി, സ്വന്തം കടമ നിർവ്വഹിക്കാൻ കഴിയൂ. സ്വന്തം തീരുമാനമെടുക്കാൻ കഴിയാതെ അജ്ഞതയുടെ ആനന്ദം നുകർന്ന് നിരക്ഷരരായി കഴിയുന്ന ജനങ്ങളെ ആർക്കും എളുപ്പം വഴിതെറ്റിക്കാനും മാമൂലിൻെറ തടവറയിൽ തളച്ചിടാനും കഴിയും.സാക്ഷരരായ ജനങ്ങൾ സാമൂഹ്യപുരോഗതിയുടെ മുന്നുപാധിയാണ്. കാതലായ സാമൂഹ്യപ്രശ്നങ്ങളിൽനിന്നൊഴിഞ്ഞുമാറാൻ വേണ്ടിയല്ല, അവയ്ക്കുള്ള കാരണം കണ്ടെത്താനും പരിഹാരമാലോചിക്കാനും സഹായകമാകുന്ന ശക്തമായ ഒരുപാധിയായിട്ടാണ് നാം സാക്ഷരതയെ കാണുന്നത്. അതുപോലെ, ജനാധിപത്യമൂല്യങ്ങൾ നിലനില്ക്കണമെന്നാഗ്രഹിക്കുന്ന ഏതൊരു പൗരനും, അടിയന്തിരമായി പൂർത്തിയാക്കണമെന്നാഗ്രഹമുണ്ടാകേണ്ട ഒരു പ്രവർത്തനമാണ് സാക്ഷരത.

നിരക്ഷരതാ നിർമ്മാർജ്ജനം എത്രയുംവേഗം പരിഹാരം കാണേണ്ട ഒരു സാമൂഹ്യപ്രശ്നവും വിദ്യാഭ്യാസ പ്രശ്നവുമാണെന്ന അഭിപ്രായം കേരള ശാസ്ത്രസാഹിത്യ പരിഷത്തിനുണ്ട്. അതിനുവേണ്ടി അവലംബിക്കേണ്ട മാർഗങ്ങളെക്കുറിച്ചും നമുക്കൊരു കാഴ്ചപ്പാടുണ്ട്. ജനങ്ങളിൽ ശാസ്ത്രബോധം വളർത്തി ശാസ്ത്രത്തെ സാമൂഹ്യമാറ്റത്തിനുള്ള ശക്തമായ ഒരുപാധിയാക്കാൻ പരിശ്രമിക്കുന്നവർക്ക് നിരക്ഷരത ഒരു കനത്ത വെല്ലുവിളിയാകുന്നു. നിരക്ഷരതാ നിർമാർജ്ജനം പരിഷത്തിൻെറ പരിപാടികളിലൊന്നായിവരുന്നത് ഈ നിലയ്ക്കാണ്. സമൂഹത്തിൻെറ താഴെത്തട്ടിൽക്കഴിയുന്ന അടിസ്ഥാന വർഗത്തിൽപ്പെട്ടവരാണ് കേരളത്തിലെ നിരക്ഷരരിൽ അധികം പേരും. സാക്ഷരതാ പ്രവർത്തനവുമായി ബന്ധപ്പെട്ട്, സമൂഹത്തിൽ അവർ വഹിക്കുന്ന പങ്കിനെക്കുറിച്ച് വിലയിരുത്താനും വിജ്ഞാനത്തിൻെറ പുതിയ മേഖലകളുമായി പരിചയപ്പെടുന്ന അവരുടെ ഇന്നത്തെ ധാരണകളും വിശ്വാസങ്ങളും തിരുത്താനും, ജീവിത പുരോഗതിയെക്കുറിച്ചും മാനവപുരോഗതിയെക്കുറിച്ചുമുള്ള ഒരു പ്രത്യാശ അവരിൽ വളർത്താനും പരിഷത് പ്രവർത്തകർ ശ്രമിക്കേണ്ടതുണ്ട്. സാക്ഷരതാ ബോധം ജനകീയ ബോധമാക്കിമാറ്റുക ഇന്നത്തെ ആവശ്യങ്ങളിലൊന്നാണ്. എറണാകുളം സമ്പൂർണ്ണ സാക്ഷരതാ യജ്ഞം വിജയിപ്പിക്കാനുള്ള ശ്രമത്തിൽ പങ്കുവഹിക്കുന്നതടക്കം, പരിഷത് ഈ രംഗത്തു നടത്തുന്ന പ്രവർത്തനങ്ങളിലേറെയും സാക്ഷരതയ്ക്കുവേണ്ടി സുശക്തമായ ഒരു ബഹുജനപ്രസ്ഥാനം കെട്ടിപ്പടുക്കാനുള്ള പരിശ്രമത്തിൻെറ ഭാഗമാണ്.

Published by Publication Committee Kerala Sastra Sahithya Parishad, Trichur 680 002 and Printed at Sas Process Pachalam Cochin-682 012.